For Two Days Only
From 11th March
AT
Central Theatres, Kottayam
THE
VALLEY OF
DECISION
Featuring:
Exciting Lovers Greer
Garson & Gregory Peck

പ്രഭാതപ്പതിപ്പ്.   Reg. No. T 174. Licence No. 365 dated 26—2—194[illegible]   വില 2 ചക്രം

ദേശബന്ധു

Editor-in-Chief— K. N. Sankunni Pillai B A & B L

വിജയകരമായ
2-ാംവാരം
കോട്ടയം
ന്യൂ തീയേറ്ററിൽ
ഇന്നുരാത്രി
T. S. ബാലയ്യ, V. N. ജാനകി
മാധുരീദേവി
മുതലായവരഭിനയിച്ച
'മോഹിനി'
പുതിയ തമിഴ് ചിത്രം

Vol. 1 | കോട്ടയം 1949 മാർച്ച് 11-ാംനു — 1124 കുംഭം 28-ാംനു വെള്ളി പേജ് 4 | No 295

മി: വി. പി. മേനോൻ എറണാകുളത്ത്

കൊച്ചി-തിരുവിതാംകൂർ സംയോജനം ജനങ്ങൾക്ക് ഗുണകരമായിരിക്കും

പുതിയ യൂണിയനിലെ ജനങ്ങൾ തികഞ്ഞ ഇൻഡ്യൻ പൌരന്മാരായിരിക്കും—കേന്ദ്രവുമായുള്ള ബന്ധത്തിൽ യൂണിയൻ പ്രവിശ്യകൾക്കു തുല്യം—എറണാകുളത്ത് മൂന്നു ദിവസത്തെ താമസം—പ്രസ്സ്കോൺഫറൻസിൽ മി. മേനോൻ വെളിപ്പെടുത്തിയ വിവരങ്ങൾ

മി. മേനോൻ കൊച്ചി മഹാരാജാവു തിരുമനസ്സിലെ മുഖം കാണിച്ചു

(അസോഷ്യേറ്റഡ് പ്രസ്സ്)

എറണാകുളം, മാർച്ച് 10

കൊച്ചിയിലെയും തിരുവിതാംകൂറിലെയും ഡി. കോൺഗ്രസ്സ് കമ്മറ്റികൾ അവയുടെ രാജ്യങ്ങൾ സംയോജിപ്പിക്കുന്നതിനു് തീരുമാനിച്ചിരിക്കുന്നതായി ഇൻഡ്യാ ഗവൺമെന്റിലെ നാട്ടുരാജ്യവകുപ്പിന്റെ സെക്രട്ടറിയായ മി. വി. പി. മേനോൻ ഇന്നു കൊച്ചി പ്രധാനമന്ത്രിയുടെ വസതിയിൽ വച്ചു നടത്തിയ ഒരു പ്രസ്സ് കോൺഫറൻസിൽ വെളിപ്പെടുത്തിയിരിക്കുന്നു. അതിനാൽ ഈ രണ്ടു രാജ്യങ്ങളും ഉൾപ്പെട്ട ഒരു യൂണിയൻ രൂപവൽക്കരിക്കുന്നതിനു് വിഷമം ഉണ്ടാവുകയില്ലെന്നും അദ്ദേഹം പ്രസ്താവിച്ചു. കൊച്ചിയുടെയും തിരുവിതാംകൂറിന്റെയും പ്രദേശങ്ങൾ തൊട്ടു കിടക്കുന്നവയാണെന്നും അവയുടെ സംയോജനം ഇരു രാജ്യങ്ങളിലെയും ജനങ്ങൾക്കു പ്രയോജനകരവും ആണെന്നു് അദ്ദേഹം പറഞ്ഞു. നാട്ടുരാജ്യങ്ങളുടെ എണ്ണം കഴിയുന്നത്ര കുറയ്ക്കുക എന്ന നാട്ടുരാജ്യവകുപ്പിന്റെ നയം നടപ്പിൽ വരുത്തുക മാത്രമാണു് ഇതുകൊണ്ടു് ചെയ്യുന്നതു്.

കൊച്ചി—തിരുവിതാംകൂർ സംയോജനം കേരളസംസ്ഥാനരൂപവൽക്കരണത്തെ തടസ്സപ്പെടുത്തുമോ എന്ന ചോദ്യത്തിനു മറുപടിയായി മി: മേനോൻ പ്രസ്താവിച്ചതു് നാട്ടുരാജ്യങ്ങളുടെ സംയോജനത്തിലാണു് ഇപ്പോൾ താൽപ്പര്യമുള്ളതു് എന്നാണു്. എന്നാൽ ഐക്യകേരളത്തിന്റെ സാദ്ധ്യത ഒഴിച്ചുനിർത്തപ്പെടുന്നതല്ല. കൊച്ചിയുടെയും തിരുവിതാംകൂറിന്റെയും ഭാവിസംബന്ധിച്ചു് അവസാന തീരുമാനമൊന്നും ചെയ്തിട്ടില്ലെന്നും അദ്ദേഹം വെളിപ്പെടുത്തി.

ഈ രണ്ടു രാജ്യങ്ങളുംചേർന്നു് ഒരു യൂണിയൻ ഉണ്ടാകുന്നപക്ഷം ആ യൂണിയനിലെ ജനങ്ങൾ തികഞ്ഞ ഇൻഡ്യൻ പൌരന്മാരായിരിക്കുമെന്നും കേന്ദ്രത്തോടുള്ള ബന്ധത്തിൽ യൂണിയൻ പ്രവിശ്യകൾക്കു് തുല്യമായിരിക്കുമെന്നും മറ്റൊരു ചോദ്യത്തിനു മറുപടിയായി മി. മേനോൻ പ്രസ്താവിച്ചു.

തേക്കടിയിൽ ഒരു ദിവസം താമസിച്ചശേഷം ഇന്നലെ തിരിച്ചു് ബോട്ടുമാർഗ്ഗം ഇവിടെ എത്തിയ മി. മേനോനെ കൊച്ചി പ്രധാനമന്ത്രി മി. ഇക്കണ്ടവാര്യരും സഹമന്ത്രിമാരും ചേർന്നു് സ്വീകരിച്ചു. ഇവിടെ അദ്ദേഹം മൂന്നുദിവസം താമസിക്കുന്നതും കൊച്ചിയുടെ ഭാവി സംബന്ധിച്ചു കൊച്ചിഗവണ്മെന്റിന്റെ പ്രതിനിധികളുമായി ആലോചന നടത്തുന്നതുമാണു്.

വന്നുചേർന്ന ഉടനെതന്നെ മി. മേനോൻ മഹാരാജാവിനെ മുഖം കാണിച്ചു് പതിനഞ്ചു മിനിട്ടുനേരം സംഭാഷണം നടത്തി. പ്രധാനമന്ത്രി മി. ഇക്കണ്ടവാര്യരും തദവസരത്തിൽ സന്നിഹിതനായിരുന്നു. പിന്നീടു് അദ്ദേഹം കൊച്ചി ഡിസ്ട്രിക്ട് കോൺഗ്രസ്സ് കമ്മറ്റി, കോൺഗ്രസ്സ് പാർലമെന്ററി ബോർഡ്, വർക്കിംഗ് കമ്മറ്റി എന്നിവയിൽ സംബന്ധിക്കുകയും കൊച്ചി നിയമസഭയിലെ കോ. പാർട്ടി അംഗങ്ങളെ സന്ദർശിക്കുകയും ചെയ്തു.

കൊച്ചി ഡി. സി. കമ്മറ്റി പാസ്സാക്കിയതും കൊച്ചി—തിരുവിതാംകൂർ സംയോജനത്തിനു് ശുപാർശ ചെയ്യുന്നതുമായ പ്രമേയത്തിന്റെ ഒരു പ്രതി പ്രസിഡണ്ട് മി. നീലകണ്ഠൻ മി. മേനോനെ ഏൽപ്പിച്ചു.

അദ്ധ്യാപകർക്ക് ആനുകൂല്യങ്ങൾ

(സ്വ-ലേ)

തിരു: കുംഭം 27

തിരുവിതാംകൂറിലെ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകന്മാരുടെ നിവേദനങ്ങളെ പരിഗണിച്ചു് അവർക്കു് ചില ആനുകൂല്യങ്ങൾ നൽകാനൊരുങ്ങുന്നതായി അറിയുന്നു. വിദ്യാലയങ്ങളിലെല്ലാം പ്രോവിഡന്റ് ഫണ്ട് നിർബന്ധമാക്കുക, ശമ്പളം ഒരു ചട്ടമാക്കിത്തന്നെ(?) അടയ്ക്കുന്നതു് ഒന്നായ് [illegible] മാക്കുക എന്നിവ ഈ ആനുകൂല്യങ്ങളിൽപെടുന്നു. 6000-ത്തോളം അദ്ധ്യാപകർക്കു് ആകെ ഗുണമുണ്ടാകും. ഫീസ് നിരക്ക് വർദ്ധിപ്പിക്കുന്ന ഇനത്തിൽ വരുന്ന വരുമാനംകൊണ്ടു് ഗവണ്മെന്റിനു് അധികച്ചിലവുകൾ [illegible] കണക്കാക്കപ്പെട്ടിട്ടുണ്ടു്.

വർക്ക്സ് ഡിപ്പാർട്ടുമെൻറ് നേട്ടങ്ങൾ

കാര്യക്ഷമത വർദ്ധിക്കുകയും അഴിമതികൾ കുറയുകയും ചെയ്തു

ധനാഭ്യർത്ഥന ഹാജരാക്കിക്കൊണ്ടു് മന്ത്രി മി. ഗാഡ്ഗിൽ ചെയ്ത വിശദീകരണപ്രസംഗം

ന്യൂഡൽഹി, മാർച്ച് 10

പബ്ലിക്ക്‌വർക്ക്സ് ഡിപ്പാർട്ടുമെന്റിലേക്കു് പാർലമെന്റു് 13 കോടി രൂപയുടെ ധനാഭ്യർത്ഥന ഇന്നു പാസ്സാക്കിയിരിക്കുന്നു. ധനാഭ്യർത്ഥന അവതരിപ്പിച്ചുകൊണ്ടു് മന്ത്രി മി. ഗാഡ്ഗിൽ ചെയ്ത പ്രസംഗത്തിൽ കഴിഞ്ഞവർഷം തന്റെ ഡിപ്പാർട്ടുമെന്റു ചെയ്ത പ്രവർത്തനങ്ങൾ വിവരിക്കുകയും അടുത്തവർഷം എന്തൊക്കെ ചെയ്യുവാൻ ഉദ്ദേശിക്കുന്നുവെന്നു് പ്രസ്താവിക്കുകയും ചെയ്തു. 13 മെമ്പർമാർ ധനാഭ്യർത്ഥനയെ അഭിനന്ദനംചെയ്തു് പ്രസംഗിച്ചു. ഗസ്റ്റ്ഹൗസിലെ ചെലവു് കുറയ്ക്കണമെന്നും വീട്ടാവശ്യത്തിനുള്ള വൈദ്യുതശക്തി വർദ്ധിപ്പിക്കണമെന്നും മി: ബി. ദാസും, രാമപദസാഗർ പദ്ധതിയെ സംബന്ധിച്ചു് ഗൗരവമായി ആലോചിക്കണമെന്നും എല്ലാത്തരം വൻ പദ്ധതികളും ഒരുമിച്ചു് രാഷ്ട്രീയാഭിവൃദ്ധിക്കുള്ള ഒരു സർവ്വഗ്രാഹ്യപദ്ധതി രൂപീകരിക്കണമെന്നു് പ്രൊഫസ്സർ കെ. ടി. ഷായും അഭിപ്രായപ്പെട്ടു. നഗരസഭകളിലേയ്ക്കുള്ള ജനപ്രവാഹം തടയുവാൻ കഴിയത്തക്കവണ്ണം ഗ്രാമങ്ങളുടെ അഭിവൃദ്ധിക്കായി കൂടുതൽ ശ്രദ്ധിക്കണമെന്നും വാദിക്കപ്പെടുകയുണ്ടായി. വിമർശനങ്ങൾക്കു മറുപടി പറഞ്ഞ മന്ത്രി മി. ഗാഡ്ഗിൽ ധനസ്ഥിതി ഭേദപ്പെടുന്ന മുറയ്ക്കു് രാമപദസാഗർ പദ്ധതി ആരംഭിക്കുന്ന കാര്യം ഗവണ്മെന്റു് ആലോചിക്കുന്നതാണെന്നു് അറിയിച്ചു.

പബ്ലിക്ക്‌വർക്ക്സിനുവേണ്ടിയുള്ള ധനാഭ്യർത്ഥന അവതരിപ്പിച്ചുകൊണ്ടു് മന്ത്രി മി. ഗാഡ്ഗിൽ ചെയ്ത പ്രസംഗത്തിൽ പ്രസ്തുത ഡിപ്പാർട്ടുമെന്റിന്റെ കാര്യക്ഷമത വർദ്ധിച്ചിട്ടുണ്ടെന്നും അഴിമതി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും പ്രസ്താവിച്ചിരുന്നു. കഴിഞ്ഞ വർഷത്തിൽ പത്താൻകോട്ട് ജമ്മുറോഡു് നിർമ്മിക്കുന്നതിനു ഡിപ്പാർട്ടുമെന്റിനു കഴിഞ്ഞു. ജമ്മുവിലും കുരുക്ഷേത്രത്തിലും അഭയാർത്ഥികൾക്കുള്ള ക്യാമ്പുകളും പണിചെയ്തു. അടുത്തവർഷത്തിൽ ഡെൽഹിയുടെ പശ്ചിമപ്രദേശം നന്നാക്കുവാൻ തീരുമാനിച്ചിരിക്കുകയാണു്. നയതന്ത്രപ്രതിനിധികളുടെ കാളനി, രാജ്ഘട്ടിലെ സ്മാരകത്തിന്റെ ഏതാനും ഭാഗം, ഫെഡറൽകോർട്ടുകെട്ടിടം, ജമ്മു കാശ്മീർ പുതിയ റോഡു്, നിയമസഭാ സാമാജികന്മാർക്കുള്ള മന്ദിരങ്ങൾ, നാസിക്കിലേക്കു മാറ്റപ്പെടുന്ന ആഫീസ്സുകൾക്കുള്ള കെട്ടിടങ്ങൾ എന്നിവ അടുത്ത വർഷം പണിയുവാൻ ഉദ്ദേശിക്കുന്നു.

യൂറോപ്യന്മാരേയും അമേരിക്കക്കാരേയും വിചാരണ ചെയ്യുമ്പോൾ കാണിച്ചുപോരുന്ന പ്രത്യേകതകൾ നീക്കം ചെയ്യുന്നതിനു് ഉദ്ദേശിച്ചുള്ള ഒരു ബിൽ ഇന്നു് സർദാർപട്ടേൽ അവതരിപ്പിക്കുകയുണ്ടായി.

(എ. പി)

വ്യയന്യൂനീകരണം

ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിൽ അഞ്ചു ലക്ഷംരൂപായുടെ ചെലവ് കുറയ്ക്കുന്നു

(സ്വ-ലേ)

ഇക്കഴിഞ്ഞ 8 ദിവസങ്ങളിൽ പ്രധാനമന്ത്രിയുടെ ഔദ്യോഗികവസതിയിൽവച്ചു് മന്ത്രിസഭായോഗം കൂടി ഗവണ്മെന്റിന്റെ വ്യയന്യൂനീകരണപദ്ധതി തയാറാക്കുവാൻ വേണ്ട നടപടികൾ കൈക്കൊണ്ടിരിക്കുന്നു. റവന്യൂ, കൃഷി, ഇലക്ട്രിസിറ്റി, പൊതുമരാമത്തു്, ഫാറസ്റ്റ്, എക്സൈസ് ഈ വകുപ്പുകളിൽ കുറവു വരുത്തേണ്ട ചിലവിനങ്ങളെ സംബന്ധിച്ച തീരുമാനങ്ങൾ ചെയ്തു. ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ വിവിധ ഇനങ്ങളിലുമായി അഞ്ചുലക്ഷം രൂപയാണു്

തിരുവനന്തപുരം, കുംഭം 27

കുറയ്ക്കുവാൻ തീരുമാനിച്ചിട്ടുള്ളതു്. കൃഷിഡിപ്പാർട്ടുമെന്റിൽ നാഗർകോവിൽ കാർഷികപാഠശാല, വട്ടവടപഴത്തോട്ടം, കോന്നി കന്നുകാലിത്തോട്ടം ഇവയും കാര്യം ചെയ്യുന്നതിനു് തീരുമാനിച്ചിരിക്കുന്നു.

സംയുക്ത സമ്മേളനം

പാർട്ടി എക്സിക്യൂട്ടീവിൻെറയും ഡി. കോ. വർക്കിംഗ് കമ്മിറ്റിയുടേയും

(സ്വ. ലേ) തിരു: കുംഭം 27

കോൺഗ്രസ്സ് പാർലമെന്ററിപാർട്ടി എക്സിക്യൂട്ടീവിന്റെയും ഡിസ്ട്രിക്ട് കോൺഗ്രസ്സ് വർക്കിംഗ് കമ്മറ്റിയുടേയും ഒരു സംയുക്തയോഗം അടുത്ത ഞായറാഴ്ച വൈകുന്നേരം 7 മണിക്ക് സെൻട്രൽ ആഫീസിൽവച്ചു് കൂടുന്നതാണു്.

തിരുവിതാംകൂർമന്ത്രിമാർ കൊച്ചിയിലേയ്ക്ക്

(സ്വ. ലേ) തിരു: കുംഭം 27

പ്രധാനമന്ത്രി ശ്രീ: പറവൂർ ടി. കെ. നാരായണപിള്ളയും സഹമന്ത്രിമാരും ഡിസ്ട്രിക്ട് കോൺഗ്രസ്സ് പ്രസിഡണ്ട് മി. സി. കേശവനും സെക്രട്ടറി മി. കെ. രാമകൃഷ്ണപിള്ളയും ഇന്നു് വിമാനമാർഗ്ഗം കൊച്ചിയിലേക്കു് പോയിരിക്കുന്നു.

പ്രിൻസിപ്പാളന്മാരുടെ സമ്മേളനം

ഡിററൻഷൻ സമ്പ്രദായം നിർത്തലാക്കുന്നതിനെപ്പററി പര്യാലോചിച്ചു.

(സ്വ-ലേ)

തിരുവനന്തപുരം, കുംഭം 27

തിരുവിതാംകൂർ സർവകലാശാലയുടെ കീഴിലുള്ള എല്ലാ പ്രിൻസിപ്പാളന്മാരുടെയും ഒരു യോഗം ഇന്നു യൂണിവേഴ്സിറ്റി ആഫീസിൽവെച്ചു് വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ കൂടി. ഡിറ്റൻഷനെതിരായി വിദ്യാർത്ഥികൾ പുറപ്പെടുവിച്ചിരിക്കുന്ന വാദത്തെപ്പറ്റി ആലോചിക്കുകയുണ്ടായിരുന്നു. യോഗോദ്ദേശം ക്രമാനുഗതമായ പ്രോഗ്രസ്സ് കാണിക്കുന്ന വിദ്യാർത്ഥികൾക്കുമാത്രം പ്രമോഷൻ നൽകുക എന്ന തത്വം ഇന്നത്തെ യോഗത്തിൽ അംഗീകരിച്ചതായും ഈ തത്വം പാലിക്കുന്നതിനു യൂണിവേഴ്സിറ്റി വേണ്ട ഏർപ്പാടുകൾ വാഗ്ദാനംചെയ്തതായും അറിയുന്നു.

ചണംകൃഷി

ആദ്യം മുൻമന്ത്രി മി. കോരയുടെ സ്ഥലത്ത്

(സ്വന്തംലേഖകൻ) തിരുവനന്തപുരം, കുംഭം 27

തിരുവിതാംകൂറിൽ ചണംകൃഷിചെയ്യുന്നതിനു് 20 കേന്ദ്രങ്ങളിലായി 2000 ഏക്കർ സ്ഥലം ഒരുക്കിയിരിക്കുകയാണു്. വിത്തിടീൽ നാളെ ചങ്ങനാശ്ശേരിയിൽ അതിലേയ്ക്കു് പ്രത്യേകം ഒരുക്കിയിരിക്കുന്ന സ്ഥലത്തു് നടത്തുന്നതാണു്. ഇവിടെ ചണംകൃഷിയുടെ സാദ്ധ്യതകളെപ്പറ്റി ഇന്ത്യാഗവർമ്മെന്റുമായി ആലോചനകൾ നടത്തുകയും പൊതുജനങ്ങളുടെയിടയിൽ പ്രചരണം നടത്തുകയും ചെയ്ത മുൻമന്ത്രി മി: കെ. എം. കോരയുടെ സ്ഥലത്താണു് ആദ്യമായി കൃഷി ആരംഭിക്കുന്നതു്.

സരോജിനിദേവിക്ക് സ്മാരകം

അലഹബാദിൽ ആധുനിക രീതിയിലുള്ള ആശുപത്രി പണിയിക്കും

ന്യൂഡൽഹി, മാർച്ച് 10

ശ്രീമതി സരോജിനീനായിഡുവിനു് ഒരു സ്മാരകം പണിയിക്കുന്നതിനുള്ള നിർദ്ദേശം ഗവർണ്ണർ ജനറൽ ശ്രീ. സി. രാജഗോപാലാചാരി, പണ്ഡിറ്റ് നെഹ്റു, സർദാർപട്ടേൽ, ഡാ. പട്ടാഭി സീതാരാമയ്യ എന്നിവർ ചേർന്നു് പുറപ്പെടുവിച്ചിരിക്കുന്നു. അലഹബാദിലുള്ള കമലാനെഹ്റു ആശുപത്രിയോടും [illegible] ആസ്പത്രിയോടും ചേർന്നു് ആധുനികരീതിയിലുള്ള ഒരാശുപത്രിയുണ്ടാക്കണമെന്നു് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

വിമാനയാത്രയിൽ ഉപരിപരിശീലനം

പത്തു് ഇന്ത്യൻ ആഫീസറന്മാർ ഇംഗ്ലണ്ടിലേയ്ക്കു് തിരിച്ചു.

ബോംബെ, മാർച്ച് 10

വിമാനയുദ്ധസംബന്ധമായി ഉപരിപരിശീലനം നടത്തുന്നതിനു പത്തുപേരടങ്ങിയ ഒരു സംഘം വൈമാനികന്മാർ ഇന്നു ബോംബെയിൽനിന്നു ലണ്ടനിലേയ്ക്കു് തിരിച്ചിരിക്കുന്നു. ഈ ആഫീസറന്മാർ ജോധ്പൂരിൽവച്ചു് വിമാനം ഓടിക്കുന്നതിൽ പ്രാരംഭപരിശീലനം സിദ്ധിച്ചവരാണു്. ഇവർ തിരിച്ചുവന്നുകഴിഞ്ഞാൽ ഇന്ത്യയുടെ വിമാനസേനാസമൂഹത്തിന്റെ പ്രാരംഭത്തിലെ ഉദ്യോഗസ്ഥന്മാരായി ജോലി നോക്കുന്നതാണു്.

രണ്ടു കോടി രൂ. കുറവ്

പുതുക്കിയ ഹൈദരബാദ് ബഡ്ജററ്

ഹൈദരബാദ്, മാർച്ച് 10

ഹൈദരബാദിന്റെ 1948-49 ലേക്കു് പുതുക്കിയ ബഡ്ജറ്റു് അനുസരിച്ചു് 2 കോടി 2 ലക്ഷം രൂപയുടെ കമ്മിയുണ്ടു്. പുതിയ നികുതികൾ ഏർപ്പെടുത്തി ഇതു നികത്തുക ഒരു കോടി അൻപതുലക്ഷം രൂപ ആയി കുറയ്ക്കുന്നതാണു്.

രാജ്യത്തിന്റെ ധനപരമായ നില ഒരു ഭദ്രമായ അടിസ്ഥാനത്തിലാക്കുന്നതിനു് മിലിറ്ററി ഭരണത്തിനു് നേരിടേണ്ടിവന്ന വമ്പിച്ച കർത്തവ്യങ്ങൾ ബഡ്ജറ്റിനോടുകൂടിയുള്ള ഒരു കമ്മ്യൂണിക്കെ വിവരിക്കുന്നുണ്ടു്. 1948—49 ലേക്കു് കഴിഞ്ഞ ആഗസ്റ്റിൽ ലെയ്ക്കു് അലി മന്ത്രിസഭ തയ്യാറാക്കിയിരുന്ന ബഡ്ജറ്റിൽ മൂന്നുകോടി പതിനെട്ടു ലക്ഷം രൂപാ കമ്മിയുണ്ടായിരുന്നു. ആ ബഡ്ജറ്റിൽനിന്നു് സ്റ്റേറ്റിന്റെ ധനപരമായ നില ഗ്രഹിക്കുവാൻ കഴിയുമായിരുന്നില്ല. (എ-പി)

വിശ്വാസയോഗ്യവും ശീഘ്രഫലം നൽകുന്നതുമായ ആയുർവേദഔഷധങ്ങൾക്കു്
വൈദ്യരത്നം
പി. എസ്സ്. വാരിയരുടെ
കോട്ടയ്ക്കൽ
ആര്യവൈദ്യ
ശാലാ
ഏജൻസിയിൽ
അന്വേഷിക്കുക
കെ. കെ. റോഡ്, കോട്ടയം
എന്നു്
Managing Physician

തിരുവനന്തപുരം

(സ്വ-ലേ)

കുംഭം 27

122 കുംഭം 24-ാംനു ദിവംഗതനായ ദിവാൻബഹദൂർ രാജ്യസേവാധുരന്ധരൻ വി. എസ്സ്. സുബ്രഹ്മണ്യയ്യരുടെ രണ്ടാമത്തെ ചരമദിനം കേരളഹിന്ദുമിഷ്യൻ ഹെഡ്ഡാഫീസിൽവച്ചു് വിശേഷാൽ പൂജ, ഭജനം മുതലായ ചടങ്ങുകളോടുകൂടി ആഘോഷിച്ചിരിക്കുന്നു.

ടെലഫോൺ ഓട്ടോമാറ്റിക് സിസ്റ്റം സംബന്ധിച്ചുള്ള പ്രാരംഭാന്വേഷണങ്ങൾക്കായി ഏതാനും വിദഗ്ദ്ധ എഞ്ജിനീയറന്മാർ ഇവിടെ എത്തി താമസിച്ചുവരുന്നു.

പ്രൊബേഷനറി പോലീസ് ഇൻസ്പെക്ടറന്മാരായി തെരഞ്ഞെടുക്കപ്പെടുവാനുള്ളവരുടെ അപേക്ഷ അയയ്ക്കേണ്ട തീയതി മീനം 6-ാം തീയതിവരെ ദീർഘിപ്പിച്ചിരിക്കുന്നു.

മെഴുവേലി പത്മനാഭോദയം ഇംഗ്ലീഷ് ഹൈസ്കൂളിനോടനുബന്ധിച്ചു് അടുത്ത സ്കൂൾവർഷാരംഭംമുതൽ ഒരു ട്രെയിനിങ്ങ് സ്കൂൾ കൂടി ആരംഭിക്കുവാൻ അനുവാദം നൽകിയിരിക്കുന്നു.

കോർപ്പറേഷൻ കമ്മീഷണറായി നിയമിച്ച മി. എൻ. എസ്സ്. കൃഷ്ണപിള്ളയേയും, നാഗർകോവിൽ മുനിസിപ്പൽ കമ്മീഷണറായി നിയമിച്ച മി. മഹമ്മദ് സാലിയേയും യഥാക്രമം നാഗർകോവിലും തിരുവല്ലായിലും മുനിസിപ്പൽ പ്രസിഡണ്ടന്മാരുടെ ചാർജ്ജ് ഏൽപ്പിച്ചശേഷം ഉടനടി പുതിയ ഉദ്യോഗങ്ങളിൽ പ്രവേശിച്ചുകൊള്ളണമെന്നു ഗവർമ്മെന്റു് നിർദ്ദേശിച്ചിരിക്കുന്നു.

അഖില തിരുവിതാംകൂർ എൻ. ജി. ഒ. അസോസിയേഷന്റെ പബ്ലിസിറ്റി ആഫീസർ ഇപ്രകാരം അറിയിക്കുന്നു. തിരുവിതാംകൂർ പേകമ്മീഷനു വേണ്ടി അഖിലതിരുവിതാംകൂർ എൻ. ജി. ഒ. അസോസിയേഷൻ തയ്യാറാക്കിയിട്ടുള്ള മെമ്മോറാണ്ടം ഒരു പൊതുയോഗത്തിൽവെച്ചു് ചർച്ചചെയ്തു് വിഷയം വിശദീകരിക്കണമെന്നാവശ്യപ്പെട്ടിട്ടുള്ളവർ [illegible] അസോസിയേഷനിലെ അംഗങ്ങളല്ലെന്നു് അന്വേഷണത്തിൽ വെളിവായിരിക്കുന്നു. പ്രസ്തുത മെമ്മോറാണ്ടം സമർപ്പിച്ചുകഴിഞ്ഞതിനുള്ള വസ്തുത എല്ലാവരേയും അറിയിച്ചുകൊള്ളുന്നു.

ഇൻഡ്യാഗവണ്മെന്റിൽ 15 പ്രമുഖവ്യക്തികൾ അടുത്തയാഴ്ചയിൽ സംസ്ഥാനാതിഥികളായി ഇവിടെ എത്തുന്നതാണു്.

സെക്രട്ടറിയേറ്റു് ക്ലാർക്കു് മി. അലിപ്പിള്ളയേയും, എക്സൈസ് കമ്മീഷണരാഫീസ് മാനേജർ മി. വേലായുധൻ നായരേയും സെയിൽസ് ടാക്സ് ഇൻസ്പെക്ടറന്മാരുടെ പരിശീലനത്തിനു് തിരഞ്ഞെടുത്തിരിക്കുന്നു.

ആവശ്യമുണ്ട്

ആയുർവേദപരീക്ഷാവിജയിയായ ഒരാളിനെ 300ക. ക്യാഷ്‌സെക്യൂരിറ്റിയോടുകൂടി ഔഷധവില്പനയ്ക്കായി ആവശ്യമുണ്ടു്. സ്ത്രീകൾക്കു് മുൻഗണന നൽകപ്പെടും.

പ്രതിമാസശമ്പളം 40 ക.

എസ്. പി. സി. ക്ലിനിക്,
തൊടുപുഴ.

ഡാ. ബഞ്ചമിൻ

(സ്വ-ലേ) തിരു: കുംഭം 27

ഇന്ത്യാ ഗവൺമെന്റിന്റെ ക്ഷയരോഗോപദേഷ്ടാവു് ഡാ. ബഞ്ചമിൻ നാളെ ഇവിടെ എത്തുന്നതും വൈകുന്നേരം ജൂബിലി ടൗൺഹാളിൽവച്ചു് ഒരു പ്രസംഗം ചെയ്യുന്നതുമാണു്.

കാലാവധി നീട്ടി

മദ്രാസ്, മാർച്ച് 10

മദ്രാസ് [illegible] ആക്ടിന്റെ കാലാവധി മാർച്ച് 12-ാംതീയതിമുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിരിക്കുന്നു.

ബിസിനസ്സുകാർക്ക് വിശ്വാസം ഉറപ്പുചെയ്യുക

ബിസിനസ്സുകാർക്കുവേണ്ടി ഗവണ്മെൻറിനോട് ബർളായുടെ ആഹ്വാനം

സഹകരണമില്ലായ്മ ഇന്നത്തെ അപകടങ്ങൾക്കു നിദാനം — കടലാസു പദ്ധതികൾ ഗവണ്മെൻറിന് ഒരു പ്രയോജനവും ചെയ്യുകയില്ല. — കൂട്ടുചേർന്ന പ്രവർത്തനം ദുർഘടം തരണംചെയ്യുവാൻ അത്യന്താപേക്ഷിതം—മൂലധനപ്രഭുക്കൾ ലോകമെങ്ങും അനുഷ്ഠിച്ച വമ്പിച്ച സേവനങ്ങൾ —കാൺഗ്രസ്സിനെ സഹായിച്ച ബിസിനസ്സുകാരെ ഇന്നു വേണ്ടാ.—ഇന്നവർക്ക് കൂട്ടുകാർ രാജാക്കന്മാരും സൈന്യവും—സ്വകാര്യോദ്യമങ്ങൾ അനുപേക്ഷണീയമാണ് — ബിസിനസ്സ് ആദായം രാജ്യത്തിൻെറ മുഴുവൻ ആദായം — വ്യവസായികൾ ധൈര്യപൂർവം പ്രവർത്തിക്കട്ടെ

ന്യൂഡെൽഹി, മാർച്ച് 4

ഇന്ത്യയിലെ വ്യാപാരമണ്ഡലങ്ങളുടെയും വ്യവസായമണ്ഡലങ്ങളുടെയും ഫെഡറേഷൻ, രാജ്യത്തിലെ പൊതുവായ സാമ്പത്തികനിലയെ സംബന്ധിച്ച് ഇന്ന് ഐകകണ്ഠ്യേന പാസ്സാക്കിയ ഒരു പ്രമേയത്തിൽ, മററു പല കാര്യങ്ങളുടേയും കൂട്ടത്തിൽ ബിസിനസ്സ്സമുദായത്തിൻെറ ഇടയ്ക്ക് വിശ്വാസം പുനഃസ്ഥാപിക്കുവാൻ തക്ക വിധം അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കണമെന്നും, മിച്ചം വരുത്തുന്നതിനും, ആദായകരമായ കാര്യങ്ങളിൽ പണം മുടക്കുവാനും, ദുർവ്യയം ചെയ്യാതിരിക്കുവാനും പ്രോത്സാഹനം ലഭിക്കുമാറ് നികുതിയുടെ തോതു നിർണ്ണയിക്കണമെന്നും ഗവർമ്മെൻറിനോട് ആവശ്യപ്പെട്ടിരിക്കുന്നു.

അപകട സ്ഥിതിഗതികൾ

മി ജി. ഡി ബർളാ പ്രമേയം അവതരിപ്പിച്ചുകൊണ്ടു ചെയ്ത പ്രസംഗത്തിൽ, സാമ്പത്തിക സ്ഥിതി മോശപ്പെട്ടതിനുള്ള കാരണം തൊഴിലാളികളും മൂലധനപ്രഭുക്കളും തമ്മിലും, മൂലധനപ്രഭുക്കളും ഗവർമ്മെൻറും തമ്മിലും, മന്ത്രിസഭകളും നിയമസഭകളും തമ്മിലും, രാജ്യത്തിലെ ജനവിഭാഗങ്ങൾ തമ്മിൽ തമ്മിലും സഹകരണം ഇല്ലാത്തതാണെന്നു പ്രസ്താവിച്ചു.

ഇന്ത്യയും ഏഷ്യ മുഴുവനും ഇന്ന് ഒരു ഗംഭീരദുർഘടസന്ധിയെ തരണം ചെയ്തുകൊണ്ടിരിക്കുകയാണ്. ചൈനയിലും ബർമ്മയിലും ആഭ്യന്തരസമരം നടക്കുന്നു; വിദൂരപൂർവദേശത്തെ നിലയും അപകടരഹിതമല്ല. ഏഷ്യയുടെ ഇതരഭാഗങ്ങളിലെപ്പോലെ ഇന്ത്യയിലെ സ്ഥിതി അത്ര അപകടം നിറഞ്ഞതല്ലെങ്കിലും ഈയിടെ കൽക്കട്ടയിൽ നടന്ന സംഭവങ്ങൾ നമുക്കു സംഭവിക്കാവുന്നതെന്തെന്നുള്ളതിൻെറ മുന്നോടിയായി കണക്കാക്കാമെങ്കിൽ ഇവിടത്തെ നിലയും ഒട്ടും ഗൗരവം കുറഞ്ഞതല്ല.

ഗവണ്മെൻറിൻെറ കടലാസു പദ്ധതികൾ

രാഷ്ട്രീയ സ്ഥിതിഗതികൾ നേരിടുന്നതിൽ ഗവണ്മെൻറ് തീർച്ചയായും വിജയം വരിച്ചുവെങ്കിലും സാമ്പത്തിക കാര്യങ്ങളിൽ പരിതാപകരമാംവിധം പരാജയപ്പെട്ടുപോയിയെന്നു മി: ബർളാ പ്രസ്താവിച്ചു. ഭിന്നാഭിപ്രായമുള്ള കാര്യങ്ങളെ സംബന്ധിച്ച് മന്ത്രിമാർ ചെയ്തിട്ടുള്ള പരസ്പര വിരുദ്ധങ്ങളായ പ്രസ്താവനകൾ ഈ കുഴപ്പങ്ങൾ വർദ്ധിപ്പിക്കുവാൻ വളരെയേറെ സഹായിച്ചിട്ടുണ്ട്. കോടിക്കണക്കിന് രൂപാ വേണ്ടിവരുന്ന പദ്ധതികളെയും പ്ലാനുകളെയും സംബന്ധിച്ച വിവരങ്ങളുമായിട്ടാണ് ഓരോ ദിവസവും രാവിലെ പത്രങ്ങൾ വെളിയിൽ വരുന്നത്! എന്നാൽ ഈ പ്രഖ്യാപനങ്ങളല്ലാതെ മററൊന്നും നടപ്പിൽ വന്നിട്ടില്ല. ഈ കടലാസ്സുപദ്ധതികൾ ഗവണ്മെൻറിനെ ഒരിടത്തേയ്ക്കും നയിക്കുവാൻ പോകുന്നില്ലെന്നുള്ളതു തീർച്ചതന്നെ.

കൂട്ടായിപ്രവർത്തിക്കേണ്ട ആവശ്യം

ഒററതിരിഞ്ഞു നിൽക്കാനുള്ള വാസന ഇന്ത്യയിൽ കൂടുതലാണെന്നും, കൂട്ടുചേർന്ന് ഏകമനസ്സോടെ പ്രവർത്തിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന രീതി ഇന്ത്യയിലില്ലെന്നും മി. ബർളാ കരുതുന്നു. എന്നാൽ ഗൗരവപൂർണ്ണമായ ഈ പ്രശ്നത്തെ അഭിമുഖീകരിക്കുവാൻ തക്ക വിധം എല്ലാവരേയും കൂടി യോജിപ്പിച്ചുകഴിഞ്ഞാൽ, ഒന്നിച്ചു പ്രവർത്തിക്കേണ്ടതു ഓരോരുത്തരുടേയും കടമയായി തീരുന്നതാണ്

കഴിഞ്ഞ ആഗസ്റ്റിൽ ബിസിനസ്സുകാരുടെ പ്രതിനിധികളെ ഗവണ്മെൻറു ക്ഷണിച്ചുവരുത്തിയപ്പോൾ ഗവണ്മെൻറ് "വിശ്വാസത്തിൻെറതായ ദുർഘടസന്ധിയേയും" അതിലൊട്ടും കുറയാത്ത "സഹകരണ ദുർഘടസന്ധിയേയും" അഭിമുഖീകരിക്കുകയാണെന്ന് ശക്തിയുക്തം പ്രസ്താവിക്കപ്പെടുകയുണ്ടായി.

ബിസിനസ്സുകാരെ വിശ്വസിക്കുക

ഇതും പൂർണ്ണമായി ഗ്രഹിച്ചുകഴിഞ്ഞിട്ടില്ല. ആ വിധം രാജ്യത്തിൽ വളരെയധികം വാസനാസമ്പത്തു് ഉണ്ടെന്നുള്ളതാണ് വാസ്തവം. ഏകാലവും കാൺഗ്രസ്സിൻെറ പക്ഷം ചേർന്നു പ്രവർത്തിച്ചുപോന്ന ബിസിനസ്സ്സമുദായത്തെ വിശ്വസിച്ചില്ലെന്നുള്ളതും, ഇപ്പോൾ ഗവമ്മെൻറിൻെറ നിർദ്ദയ വിമർശനത്തിനു ഇരയായിത്തീർന്നിട്ടുള്ളത് അവരാണെന്നുള്ളതും നിർഭാഗ്യകരമാണ്. ഇന്നു രാജാക്കന്മാരും സൈന്യവും ഗവമ്മെൻറിൻെറ സുഹൃത്തുക്കളാണ്. എന്നാൽ ഒരു വിഷമഘട്ടത്തിൽ ഗവണ്മെൻറിനെ സഹായിക്കുവാൻ കഴിയുന്നതു് ബിസിനസ്സുകാർക്കു മാത്രമാണെന്നുള്ളതും, അവർ സസന്തോഷം അപ്രകാരം ചെയ്യുമെന്നുള്ളതും ഗവമ്മെൻറ് ധരിച്ചിട്ടില്ല.

മൂലധനപ്രഭുക്കൾ ഇന്ത്യയിൽ മാത്രമല്ല ലോകത്തിലെ മററു പല രാജ്യങ്ങളിലും വമ്പിച്ച സേവനങ്ങൾ അനുഷ്ഠിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി ഈയിടെ ലക്നോയിൽ ചെയ്ത പ്രസംഗം ഉന്മേഷജനകമാണെന്നു മി ബർളാ പറഞ്ഞു: എന്നാൽ ഈ സേവനങ്ങൾ മതിക്കപ്പെട്ടിട്ടില്ലെന്നുള്ളതാണ് ഇതിലെ വൈരുദ്ധ്യം. സ്വഭാവേന ബിസിനസ്സുകാർ നിശ്ശബ്ദരാണ്. അവർ പ്രശസ്തി മോഹിക്കുന്നില്ല. എന്നാൽ അവർ ഒരു വമ്പിച്ച ശക്തിയാണ്; ഇക്കാലമത്രയും ചെയ്തിരുന്നതുപോലെ അവർക്ക് രാജ്യത്തിനുവേണ്ടി വമ്പിച്ച സേവനങ്ങൾ അനുഷ്ഠിക്കുവാൻ സാധിക്കുകയും ചെയ്യും.

ബിസിനസ്സുകാരുടെ നേട്ടങ്ങൾ

തുണി, പഞ്ചസാര മററനവധി ഉപഭോജ്യവസ്തുക്കൾ എന്നിവയെ സംബന്ധിച്ചിടത്തോളം ഇന്ത്യ സ്വയംപര്യാപ്തമായ രാജ്യമാണ്. മററു രാജ്യങ്ങളുടെതുമായി തട്ടിച്ചു നോക്കുമ്പോൾ ഈ സാധനങ്ങൾക്കു വിലക്കുറവുമാണ്. ഈ മാർഗ്ഗത്തിൽ ബിസിനസ്സ് സമുദായം നൽകിയിട്ടുള്ള സഹായം ഒട്ടും കുറവായിരുന്നിട്ടില്ലാത്തതിനാൽ അവ അവമതിച്ചുകൂടാത്തതാണ്. ഇതെല്ലാം തങ്ങളുടെനേട്ടങ്ങളായി ബിസിനസ്സ് സമുദായക്കാർക്കു കരുതാവുന്നതാണ്.

സ്വകാര്യോദ്യമങ്ങൾ അനുപേക്ഷണീയം

വിതരണരീതിയെ സംബന്ധിച്ച് അഭിപ്രായവ്യത്യാസം ഉണ്ടെങ്കിലും ഉല്പാദനം വർദ്ധിപ്പിക്കുവാൻ സ്വകാര്യ ഉദ്യമങ്ങൾ കൊണ്ടേ സാദ്ധ്യമാകൂ എന്നദ്ദേഹം പറഞ്ഞു. കാലത്തിനു് അനുസരിച്ച് മൂലധനപ്രഭുക്കൾ മുന്നോട്ടുപോകുമെങ്കിൽ വിതരണപ്രശ്നവും പരിഹരിക്കുവാൻ കഴിയുമെന്നാണ് മി: ബർളായുടെ വിശ്വാസം. ഗവണ്മെൻറിൻെറ സഹകരണത്തോടുകൂടി തങ്ങൾക്ക് സാമ്പത്തികപ്രശ്നത്തിനു പരിഹാരം ഉണ്ടാക്കുവാൻ സാധിക്കുന്നതാണെന്നും എന്നാൽ നിർഭാഗ്യവശാൽ ആ സഹകരണം ലഭിക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞു.

വിശ്വാസം ഉറപ്പുചെയ്യുക

എന്തെല്ലാം കുറവുകൾ ഉണ്ടായിരുന്നാലും ഗവണ്മെൻറിനു തങ്ങളിൽ വിശ്വാസമുണ്ടെന്നുള്ളതിനു ഉറപ്പുലഭിക്കണമെന്നും ഒരവസരം ബിസിനസ്സുകാർക്ക് അനുവദിക്കണമെന്നും മി. ബർളാ വാദിച്ചു. ഇന്നു രാജ്യത്തെ നേരിട്ടിരിക്കുന്ന എല്ലാവിധ വിഷമപ്രശ്നങ്ങളും ഞൊടിയിടയിൽ പരിഹരിച്ചുകൊടുക്കാമെന്ന് ഗവണ്മെൻറിനു് താൻ ഉറപ്പുനൽകുന്നുവെന്നും അദ്ദേഹം പ്രസ്താവിച്ചു

ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്യുകമൂലമായി അന്യരാജ്യങ്ങളിലെ കൃഷിക്കാർക്ക് ഗവണ്മെൻറ് ധനസഹായം ചെയ്തുകൊണ്ടിരിക്കെ, അതിൽ ഒരു ഭാഗം മാത്രം ഇവിടത്തെ കൃഷിക്കാർക്കു നൽകുമെങ്കിൽ സ്ഥിരമായ പ്രയോജനം സുനിശ്ചിതമായിരുന്നിട്ടും ഗവണ്മെൻറ് അപ്രകാരം ചെയ്തുകാണാത്തതിൽ മി. ബർളാ അത്ഭുതപ്പെട്ടു. ഈ തത്വം പരുത്തികൃഷിക്കാർക്കും, മററുസംസ്കൃതസാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നവർക്കും ബിസിനസ്സുകാർക്കും ബാധകമാണെന്നും അദ്ദേഹം പറഞ്ഞു.

വസ്ത്രപ്രശ്നത്തിനു പരിഹാരം

ഗവണ്മെൻറ് തങ്ങളോട് സഹകരിക്കാതിരിക്കുന്നിടത്തോളം വസ്ത്രപ്രശ്നത്തിനു പരിഹാരമുണ്ടാകുകയില്ലെന്നു മാത്രമല്ല തത്സംബന്ധമായ വിഷമങ്ങൾ വർദ്ധിക്കുകയേ ചെയ്യുകയുള്ളുവെന്ന് തുണിനിയന്ത്രണത്തെപ്പററി പറയവെ മി: ബർളാ അഭിപ്രായപ്പെട്ടു. പകിസ്താനുമായി വ്യാപാര കാര്യങ്ങൾ തീർച്ചപ്പെടുത്തുമ്പോൾ ബിസിനസ്സ്സമുദായ പ്രതിനിധികളുമായി ആലോചിക്കേണ്ടതാണെന്ന് അദ്ദേഹം നിർദ്ദേശിച്ചു ഗവ: ഉദ്യോഗസ്ഥന്മാർക്ക് വ്യാപാരത്തെപ്പററി ഒരു നിശ്ചയവും കാണുകയില്ല. അതിനാൽ തത്സംബന്ധമായ ആലോചനകൾ വേണ്ടപോലെ നടക്കുമെന്നു പ്രതീക്ഷിക്കത്തക്കതുമല്ല.

ബിസിനസ്സ് ആദായം രാജ്യത്തിനു മുഴുവൻ ലഭിക്കും.

ശരിയായ വ്യാപാരംകൊണ്ടേ മാത്രമേ രാജ്യം അഭിവൃദ്ധി പ്രാപിക്കയുള്ളുവെന്ന കാര്യം ഗവർമ്മെൻറിനു അറിഞ്ഞുകൂടെന്ന് കരുതേണ്ടിയിരിക്കുന്നു. വ്യാപാരത്തിൽനിന്നു ലഭിക്കുന്ന ആദായത്തിൻെറ പങ്ക് വ്യാപാരികൾ മാത്രമല്ല അനുഭവിക്കുന്നതു്. പിന്നെയോ, ഗവർമ്മെൻറും തൊഴിലാളികളും പൊതുജനങ്ങളും അതിൻെറ വീതം അനുഭവിക്കുന്നുണ്ട്. വ്യാപാരം മോശപ്പെടുന്നപക്ഷം അതിൻെറ ദോഷഫലം തട്ടാത്തതായി ഭരണയന്ത്രത്തിലെ ഒരു വിഭാഗം പോലും ഉണ്ടാകുകയില്ല. അതിനാൽ തങ്ങളെ വ്യാപാരസംബന്ധമായ ക്രിയാലോചനകളിൽ ഭാഗഭാക്കാക്കേണ്ടതു് ഏററവും ആവശ്യമാകുന്നു.

വ്യവസായികൾക്ക് ധൈര്യം പോരാ

ഗവർമ്മെൻറിനു പരിചയമില്ലായ്മയുണ്ടെങ്കിൽ, തങ്ങൾക്കു ധൈര്യമില്ലായ്മയും ഉണ്ടെന്ന് സ്വസമുദായാംഗങ്ങളോടായി മി. ബർളാ പറഞ്ഞു. അപകടം വരിക്കാൻ സന്നദ്ധത പ്രകടിപ്പിക്കാത്ത ഒരു ബിസിനസ്സുകാരൻ, ഒരു ബിസിനസ്സുകാരനേയല്ല. ഗവർമ്മെൻറ് വ്യവസായാഭിവൃദ്ധിയെ ഉദ്ദേശിച്ച് ചില പ്രോത്സാഹനങ്ങൾ നൽകിയിട്ടുണ്ട്. വ്യവസായികൾ അവയിൽനിന്നു പൂർണ്ണഫലം കരസ്ഥമാക്കുവാൻ തയ്യാറാകാത്ത പക്ഷം ആ അപരാധത്തിനു് പശ്ചാത്തപിക്കേണ്ടി വരുമെന്നും അദ്ദേഹം മുന്നറിവുനൽകി.

ഇന്ത്യയുടെ ഭാവിശോഭനം

ഇന്ത്യയിൽ ഇന്നു വ്യവസായികമാന്ദ്യം ഉണ്ടെങ്കിലും, ഇങ്ങിനെയുള്ള മാന്ദ്യം ഉള്ളപ്പോഴാണ് വ്യവസായങ്ങൾ ശരിയായ അടിസ്ഥാനത്തിൽ സ്ഥാപിക്കുവാൻ കഴിയുന്നതെന്ന് അദ്ദേഹം, അഭിപ്രായപ്പെട്ടു വ്യവസായികളുടെ കഴിവുകളെ അടിസ്ഥാനമാക്കി നോക്കിയാൽ ഇന്ത്യയുടെ ഭാവി ശോഭായമാനമാണ്. ഇതു ശരിക്കു പ്രയോജനപ്പെടുത്തുന്നില്ലെങ്കിൽ അവർക്ക് തങ്ങളുടെ ഭാവിതലമുറകളോട് ഒരു സമാധാനവും പറയുവാനു ശേഷിക്കുകയില്ലെന്നും അദ്ദേഹം ബിസിനസ്സുകാർക്ക് മുന്നറിവു നൽകി.

എല്ലാം സംഗതികൾക്കും ഗവർമ്മെണ്ടിനെത്തന്നെ ആശ്രയിക്കുന്നതു് വ്യവസായികളെ സംബന്ധിച്ചിടത്തോളം വിവേകപൂർവമായിരിക്കുകയില്ലെന്ന് അദ്ദേഹം തുടർന്നുപറഞ്ഞു. തങ്ങളുടെ ചുമതല ശരിക്കു മനസ്സിലാക്കുന്നപക്ഷം അവർ ഗവണ്മെൻറുമായി സഹകരണം പുലർത്തുകയാണു വേണ്ടതു്. തന്മൂലം ഇന്ത്യയ്ക്കു് അഭിവൃദ്ധി ഉണ്ടാകുന്നതാണ്.

മദ്രാസിലെ ജലക്ഷാമം

മദ്രാസ്, മാർച്ച് 7

കഴിഞ്ഞ രണ്ടു വർഷങ്ങളിൽ തുടർച്ചയായുണ്ടായ കാലവർഷക്കുറവിനാൽ മദ്രാസിൽ ഇന്നു ഭയങ്കരമാംവണ്ണം ജലക്ഷാമമുണ്ടായിരിക്കുന്നു. 12—13 ലക്ഷം ജനങ്ങളുള്ള ഇവിടെ ദിവസേനയുള്ള ജലവിതരണം 2 കോടി 40 ലക്ഷം ഗാലനിൽനിന്നു നേർപകുതിയായിരിക്കുന്നു. ഇതു തന്നെ അടുത്ത ഒക്ടോബർ മാസാവസാനംവരെ വിതരണം ചെയ്യുവാൻ കൈക്കൊള്ളേണ്ട നടപടികളെക്കുറിച്ചു കോർപ്പറേഷൻ കമ്മീഷണർ ഇന്നലെ വിശദീകരിക്കയുണ്ടായി. ജലദുർവ്യയം തടയാനുള്ള എല്ലാ നടപടികളും ആവുംവിധം കോർപ്പറേഷൻ കൈക്കൊള്ളുന്നുണ്ട്. മററു വിധേനയും വെള്ളം മദ്രാസിലേക്കു കൊണ്ടുവരുവാൻ നോക്കുന്നുണ്ട്. മുൻസിപ്പാലാവശ്യങ്ങൾക്കായി എടുത്തിരുന്ന വെള്ളം നിർത്തിക്കപ്പെട്ടിട്ടുണ്ട്, കുളിക്കുവാനും അലക്കുവാനും, ഇപ്പോൾനിശ്ചിതസമയങ്ങളിൽ മാത്രമേ ജലം നൽകപ്പെടുന്നുള്ളു. നീന്തുവാനുള്ളകുളങ്ങൾ, ഉറവുപണി, പാർക്ക് എന്നിവയ്ക്കുള്ള സപ്ലൈ തീരെ നിർത്തലാക്കിയിരിക്കുന്നു. തോട്ടങ്ങൾക്കുമാത്രമായുള്ള ഭവനങ്ങളിലെ ടാപ്പുകളെല്ലാം അടയ്ക്കപ്പെട്ടിട്ടുണ്ട്. പട്ടണത്തിൽ ഇപ്പോഴുള്ള കിണറുകൾ നന്നാക്കുകയും സാദ്ധ്യമായേടത്തെല്ലാം പുതിയകിണറുകൾ കുഴിക്കുകയും ചെയ്തുവരുന്നു. (എ-പി)

കൊള്ളയും കൊള്ളിവയ്പും

കമ്മ്യൂണിസ്ററുകാരുടെ രഹസ്യസർക്കുലർ

വിജയവാഡ, മാർച്ച് 8

തീവണ്ടിമുടക്കിൽ ചേരുകയോ പണിമുടക്കുകാരെ സഹായിക്കുകയോ ചെയ്യരുതെന്നു അഭ്യർത്ഥിച്ചുകൊണ്ട് വെസ്ററു് കൃഷ്ണാ ഡിസ്ട്രിക്ട് കാൺഗ്രസ്സ് കമ്മിററി പ്രസിദ്ധം ചെയ്തിരിക്കുന്ന ഒരു ലഘുലേഖയിൽ, കമ്മ്യൂണിസ്റ്റുകാർ രഹസ്യമായി അവരുടെ ഇടയിൽ വിതരണം ചെയ്തിട്ടുള്ള ഒരു ലറററിൽ വിവരിക്കുന്ന കാര്യങ്ങളെപ്പററി ഇങ്ങനെ പറയുന്നു.

"കമ്മ്യൂണിസ്റ്റ്പാർട്ടി അംഗങ്ങൾ ശല്യപ്രവർത്തനങ്ങൾ നടത്തണം. കുഴപ്പങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സ്ഫോടക ദ്രവ്യങ്ങൾ ഉപയോഗിക്കണം. പലടത്തും തീ ഇടണം; അവിടവിടെ ആയുധപ്രയോഗങ്ങൾ നടത്തണം, തീവണ്ടികൾ പാളത്തിൽനിന്നു തെറിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കണം."

സഹവിദ്യാഭ്യാസമേ വേണ്ടു

പെൺകുട്ടികൾ ആൺകുട്ടികൾ പഠിക്കുന്ന കാളേജുകൾ മാത്രം തേടുന്നു

പൂനാ, മാർച്ച് 9

പൂനായിലുള്ള മഹാരാഷ്ട്ര വിദ്യാഭ്യാസസമിതി വകയായി മൂന്നു വർഷം മുമ്പ് വിദ്യാർത്ഥിനികളെ മാത്രം ഉദ്ദേശിച്ച് ഒരു കാളേജ് ആരംഭിക്കുകയുണ്ടായി പൂനായിൽ വർഷംതോറും കാളേജ് വിദ്യാഭ്യാസത്തിനു പുറപ്പെടുന്ന 1000 വിദ്യാർത്ഥിനികളിൽ 125 പേരെങ്കിലും ഈ കാളേജിൽ പ്രവേശനത്തിന് അപേക്ഷിക്കുക ഉണ്ടായില്ല. പെൺകുട്ടികളെല്ലാംതന്നെ ആൺകുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾ തേടിപ്പോയി. അതിനെത്തുടർന്ന് മഹാരാഷ്ട്ര ബാലികാവിദ്യാഭ്യാസസംഘം കൌൺസിൽ ഈ അദ്ധ്യയന വർഷാവസാനത്തോടുകൂടി പ്രസ്തുത വനിതാകാളേജ് എന്നെന്നേക്കുമായി അടച്ചുപൂട്ടുവാൻ തീരുമാനിച്ചിരിക്കുന്നു.

ഭാര്യ മോഷണംപോയി

ഐക്യരാഷ്ട്രസമിതിയിൽ പരാതി

ലേക്സക്സസ് മാ: 8

രണ്ടാം ലോകമഹായുദ്ധകാലത്തു് സ്വതന്ത്ര ഫ്രഞ്ചുസേനയിൽ ചേർന്നു പ്രവർത്തനം നടത്തിക്കൊണ്ടിരിക്കെ പശ്ചിമാഫ്രിക്കയിലെ ഫ്രഞ്ചുകോളനി സ്വദേശിയായ ഒരാളുടെ ഭാര്യയെ ഒരു ഫ്രഞ്ചുകാരൻ മോഷ്ടിച്ചുകൊണ്ടു് കടന്നുകളഞ്ഞു വക്കീലിനെ ഏർപ്പെടുത്തി കേസു പറയുവാൻ പണമില്ലായ്കയാൽ ആ സാധുവായ ഭർത്താവ് ഇപ്പോൾ യു എൻ ഒ വിൽ പരാതിപ്പെട്ടിരിക്കുകയാണ്.

ഷാ സന്തുഷ്ടനല്ല

സന്തോഷിക്കുന്നതിന് അഭിരുചിയോ അവസരമോ അദ്ദേഹത്തിനില്ല

ലണ്ടൻ, മാർച്ച് 8

"പതിനാറു ആത്മചിത്രങ്ങൾ"എന്നപേരിൽ ജോർജ്ബർണാർഡ്ഷാ ആത്മകഥാപരമായി എഴുതിയിട്ടുള്ള ഒരു ലേഖനപരമ്പര ഇന്നലെ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

അതിഭാഷിയായ ഒരു പടുവൃദ്ധൻെറ നിരർത്ഥപ്രലപനങ്ങളല്ല ഇതൊന്നുമെന്നു തനിക്കുറപ്പില്ലെന്നു ഷാ പറയുന്നു.

തൻെറ ശൈശവത്തെ സംബന്ധിച്ച് അദ്ദേഹം ഭാര്യയോടുപോലും പറയാത്ത ഒരു പരമരഹസ്യം വെളിപ്പെടുത്തുന്നുണ്ട്. അതു മറെറാന്നുമല്ല: കുട്ടിയായിരിക്കുമ്പോൾ അദ്ദേഹത്തെ 9 മാസത്തേക്ക് ഒരു ലോവർ മിഡിൽസ്കൂളിലേയ്ക്കയച്ചുകളഞ്ഞു. അതുകൊണ്ടു തൻെറ ഉൽകൃഷ്ടമാന്യതാബോധത്തിനു് തട്ടിയ നാണക്കേട് ഒരിക്കലും മാഞ്ഞുപോയില്ല. അച്ഛൻ കുടിയനും കാപട്യക്കാരനുമാണെന്ന വിവരം അറിഞ്ഞപ്പോഴുണ്ടായതിൽ കൂടുതൽ ഈ സംഗതി അദ്ദേഹത്തെ ബാധിച്ചു.

ജി ബി. എസ്സിൻെറ പിന്നിലുള്ള തലച്ചോർ സിഡ്നിവെബ്ബിൻേറതായിരുന്നു. സിഡ്നി വെബ്ബിൻെറ അഭാവത്തിൽ "ഞാൻ കാർലൈലിനേയോ റസ്കിനേയോ പോലെ ഒരു വെറും സാഹിത്യപടുവായേനേ" എന്നാണദ്ദേഹം പറയുന്നത്.

"ഞാൻ സന്തുഷ്ടനല്ല; സന്തുഷ്ടനാകുകയും വേണ്ട. അങ്ങനെയുള്ള വ്യാമോഹങ്ങൾക്കു സമയമോ അവയിൽ അഭിരുചിയോ എനിക്കില്ല" വസ്തുക്കളെ നേരിടുക എന്നതാണ് എൻെറ മുഖ്യമായ സ്വഭാവവിശേഷം ഒരിന്ത്യൻ രാജാവിൻെറ ഇഷ്ടപാത്രമായി അദ്ദേഹത്തോടൊപ്പം ഊണുകഴിച്ചുകൊണ്ടിരിക്കെ വെന്തുമരിച്ചു പരിഭ്രാന്തരായി വിലപിച്ച അനുചരന്മാരോട് രാജാവ് കല്പിച്ചു, "നിങ്ങളുടെ രാജ്ഞിയെ ഉത്തുവാരിക്കുള്ള ആ പൊരിച്ച പ്രാവിൻെറ ഇറച്ചി കൊണ്ടുവരിക".

ആ രാജാവ് ഒരു പാരസ്യഷാ ആയിരുന്നു.

രാജധാനി

(സ്വ-ലേ) കുംഭം 27

മന്ത്രിസഭയുടെ ഒരു യോഗം ഇന്നലെ ഹജ്ജൂർകച്ചേരിയിൽ കൂടി തിരുവിതാംകൂർ കൊച്ചി സംയോജനം സംബന്ധിച്ച് പല ചർച്ചകളും ചെയ്യുകയുണ്ടായി.

നാഗർകോവിലിലുള്ള സ്കോട്ട് ക്രിസ്ത്യൻകാളേജ് ഒന്നാം ഗ്രേഡു കാളേജാക്കാനുള്ള അപേക്ഷകളെ പുരസ്കരിച്ചു് വൈസ് ചാൻസലർ മി. പാപ്പ്വർത്ത്, രജിസ്ട്രാർ മി. പരമേശ്വരപണിക്കർ, മി. എ ഗോപാലമേനോൻ എന്നിവരുൾപ്പെട്ട കമ്മീഷൻ വേണ്ട അന്വേഷണം നടത്തിയതിൻെറ ഫലമായി പ്രസ്തുത കാളേജിൽനിന്ന് ഹൈസ്കൂൾ സ്ഥാപനം മാററുന്ന പക്ഷം ഒന്നാംഗ്രേഡ്കാളേജിനു അവിടം മതിയാകുമെന്ന് അഭിപ്രായപ്പെടുകയാൽ ഹൈസ്കൂൾ കാളേജ് കെട്ടിടത്തിൽനിന്ന് മാററുവാനുള്ള ഒരുക്കങ്ങൾ നടന്നുവരികയാണ്.

മി, അഭയദേവിൻെറ നവയുഗം എന്ന മലയാളകൃതി അഭിനയിച്ചുകൂടെന്നുള്ള നിരോധനം ഗവർമ്മെൻറ് പിൻവലിച്ചിരിക്കുന്നു:

ഇവിടത്തെ ഇൻഫർമേഷനും ബ്രോഡ്കാസ്റ്റിംഗും വകുപ്പുകൾ കേന്ദ്രഗവർമ്മെൻറ് നേരിട്ടെടുക്കുന്നതിൻെറ പ്രാരംഭമായി ഇന്ത്യാഗവർമ്മെൻറിൻെറ മിനിസ്റ്റർ ആഫ് സ്റ്റേററിലെ ഇൻഫർമേഷൻ ആൻഡ് ഫിലിം ചാർജ്ജ വഹിക്കുന്ന മി. ദിനേകർ ആസന്നഭാവിയിൽ തിരുവിതാംകൂർ സന്ദർശിക്കുന്നതാണെന്നറിയുന്നു.

ആലപ്പുഴ ആദായനികുതി കമ്മീഷണറാഫീസിൽ നിന്നും സാലറിയും നോൺഗസ്സററഡ് റീഫണ്ടും സർക്കിൾ മാവേലിക്കരയ്ക്കു മാററിയിരിക്കുന്നു.

വ്യവസായവകുപ്പിൻെറ കീഴിൽ നടത്തുന്ന മലയാളം ചുരുക്കെഴുത്തു പരീക്ഷ ഇക്കൊല്ലം ഏപ്രിൽമാസത്തിൽ നടത്തുന്നതാണ്

തോവാള, അഗസ്തീശ്വരം, ചെങ്കോട്ട എന്നീ സ്ഥലങ്ങൾ കോളറാബാധ നേരിടുവാനിടയുള്ള സ്ഥലങ്ങളായി പബ്ളിക്കഹെൽത്ത് സേഫ്ടി ആക്ട്പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്.

കൊച്ചി തിരുവിതാംകൂർ സംയോജനത്തിനെതിരായും ലയനത്തിനനുകൂലിച്ചും പ്രശസ്തരായ ആറുവ്യക്തികളടങ്ങിയ ഒരു ഡപ്യൂട്ടേഷൻ താമസിയാതെ തന്നെ സർദാർ പട്ടേലിനെ സന്ദർശിക്കുവാൻ ഡൽഹിയ്ക്കു പുറപ്പെടുന്നതാണ്.

പഴവങ്ങാടി മൈതാനയോഗത്തിൽ വച്ച് അറസ്റ്റ് ചെയ്യപ്പെട്ട നാ: ഐസക്ക് തോമസ്സിനെ ജാമ്യത്തിൽ വിട്ടിരിക്കുന്നു

സ്റ്റേററ്കാൺഗ്രസ്സ്പാർലമെൻററിപാർട്ടി എക്സിക്യൂട്ടീവിൻെറയും ലീഡറുടെയും തിരഞ്ഞെടുപ്പ് മീനം ആദ്യവാരത്തിൽ നടത്താൻ തീരുമാനിച്ചിരിക്കുന്നു.

തിരുവിതാംകൂർ സംസ്ഥാനസൈന്യത്തിൽ ജൻറിൽമാൻ കേഡററുകളായി 14പേരെ തിരഞ്ഞെടുത്തിരിക്കുന്നു.

വില്പനനികുതി ഇൻസ്പെക്ടർമാരായി നിയമിക്കപ്പെട്ടിട്ടുള്ള എട്ടു ഉദ്യോഗസ്ഥന്മാരും മദ്രാസിൽ ഒരു മാസത്തെ പരിശീലനത്തിനായി പുറപ്പെട്ടിരിക്കുന്നു.

തിരുവിതാംകൂർ ബ്രാഹ്മണമഹാസഭയുടെ ആഭിമുഖ്യത്തിൽ "ധർമ്മപ്രകാശിക" എന്ന പേരിൽ ഒരു മാസിക പ്രസിദ്ധപ്പെടുത്തുവാൻ ഗവർമ്മെൻറ് അനുവാദം നൽകിയിട്ടുണ്ട്.

തിരുവിതാംകൂർ സഹകരണ ഇൻസ്റ്റിററ്യൂട്ടിൽ ഏതാനും ഗ്രാഡുവേററുകളെ സൂപ്രവൈസർമാരായി നിയമിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നതായി അറിയുന്നു. ധനശാസ്ത്രമോ കണക്കോ ഐച്ഛികമായെടുത്തു ജയിച്ചിട്ടുള്ള ഈഴവരിൽനിന്നും മുസ്ലീംങ്ങളിൽനിന്നും ഉള്ള അപേക്ഷകൾക്ക് മുൻഗണന നൽകുന്നതാണ്.

മഹാരാജാവുതിരുമനസ്സുകൊണ്ടു അമ്മമഹാറാണിയുമൊന്നിച്ചു സുഖവാസാർത്ഥം, താമസിയാതെ ഊട്ടിക്ക് എഴുന്നള്ളുന്നതാണെന്നറിയുന്നു.

സിറിക്കൾച്ചർ ഇൻസ്പെക്ടർമാരെയും അവരുടെ സ്റ്റാഫിനെയും പിരിച്ചുവിടുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

കളത്തൂപ്പുഴക്കേസ്സ് സർക്കാർ ഭാഗത്തുനിന്നും പിൻവലിക്കുവാൻ ഇടയുള്ളതായി അറിയുന്നു.

കൊച്ചി തിരുവിതാംകൂർ മലബാർ ഒന്നുചേർന്ന് നിർമ്മിക്കാൻ തീരുമാനിച്ചിരിക്കുന്ന മലയാളം നിഘണ്ടു നിർവാഹകക്കമ്മററിയുടെ പ്രഥമയോഗം മാർച്ച് 19-ാംതീയതി തിരുവനന്തപുരത്തുവെച്ച് നടക്കുന്നതാണ്. മൂന്നു ഗവണ്മെൻറുകളുടെയും യൂണിവേഴ്സിററിയുടെയും പ്രതിനിധികൾ അതിൽ പങ്കെടുക്കുന്നതാണ്.

സ്ഥലത്തുള്ള ലേഡീസ് റീഡിംഗ് റൂം ആൻഡ് ലൈബ്രറിയുടെ ധനശേഖരണാർത്ഥം പ്രധാനമന്ത്രിയുടെ രക്ഷാധികാരത്തിൽ മീനം 5-ാംതീയതി ശ്രീ. ററി. എൻ. ഗോപിനാഥൻ നായരുടെ "പിൻതിരിപ്പൻ പ്രസ്ഥാനം"എന്ന പ്രഹസനം മി. എസ്സ്. ഗുപ്തൻ നായർ തുടങ്ങിയവർ ചേർന്ന് അഭിനയിക്കുന്നതാണ്.

ഇപ്പോൾ അവധിയിലിരിക്കുന്ന അസി: എക്സൈസ് കമ്മീഷണർ മി. കെ സദാശിവനെ മാവേലിക്കരയ്ക്കും അവിടെ നിന്ന് മി: ജോണിനെ ദേവികുളത്തേയ്ക്കും, അവിടെ നിന്ന് മി. പോത്തനെ പിറവത്തേയ്ക്കും അവിടെനിന്ന് മി. സെയിനുദീനെ പറവൂർക്കും പറവൂർ നിന്നും മി. മൈക്കിളിനെ അത്രക്കററിക്കും അത്രക്കററിയിൽനിന്ന് മി: എം. പി, പിള്ളയെ കൊല്ലത്തേക്കും നിയമിച്ചിരിക്കുന്നു.

ഫെർട്ടിലൈസേർസ്സ് തൊഴിലാളികൾക്കും വ[illegible]യ മദ്ധ്യസ്ഥകോടതിയുടെ തീരുമാനത്തിന് ഗവണ്മെൻറു സമർപ്പിച്ചിരിക്കുന്നു.

ലോകോളേജ് വാർഷികം സംബന്ധിച്ചുള്ള പ്രസംഗമത്സരത്തിൽ ഇംഗ്ലീഷിൽ മെ: മഹമ്മദുകുട്ടിയും, എൻ: കെ. സുകുമാരനും മലയാളത്തിൽ മെ. നീലകണ്ഠപ്പിള്ളയും, ചാണ്ടപ്പിള്ളയും സമ്മാനാർഹരായിരിക്കുന്നു

തിരുവനന്തപുരം കോർപ്പറേഷൻകമ്മീഷണർ മി: എസ് അയ്യപ്പൻപിള്ള കാർപ്പറേഷൻ ഹെൽത്താഫീസർ ഡാ: ഗോപാലകൃഷ്ണൻ നായരെ ചാർജ്ജേൽപ്പിച്ച് പ്രസ്തുത ഉദ്യോഗത്തിൽനിന്നും 15 ദിവസത്തെ അവധിയിൽ പ്രവേശിച്ചിരിക്കുന്നു

കൊച്ചിയിലേയ്ക്ക് പോകുന്ന ഡാ: ഇ. കെ. മാധവൻ അവിടെ നിന്നും മദ്രാസിൽ വെച്ചു നടക്കുന്ന മദ്യനിരോധന കാൺഫറൻസിൽ സംബന്ധിക്കുന്നതിനായി മദ്രാസിലേയ്ക്ക് പോകുന്നതാണ്.

മുഖക്കുരു

മൊരിച്ചുണങ്ങ്, ചാരണം, ചൊറി, കരപ്പൻ, പുഴക്കടി, വരട്ടുചൊറി, വ തമൊരി, ചുട്ടുവാതം ഇവയ്ക്ക്

ചന്ദ്രിക

ഔഷധസോപ്പ്

(Regd) —

ഉപയോഗിക്കുക

CHANDRIKA
MEDICINAL SOAP
ചന്ദ്രിക
ചന്ദ്രിക ഔഷധസോപ്പ്

സ്റ്റോക്കിസ്റ്റ്സ്:—
കളരിക്കൽ
മെഡിക്കൽസ്റ്റോർസ്
കോട്ടയം.

ആവശ്യമുണ്ട്

പ്രസ്സ് സംബന്ധിച്ച ഭരണകാര്യങ്ങളിലും പ്രൂഫ് നോക്കുന്നതിലും നല്ല പരിചയവും പ്രാപ്തിയുമുള്ള ഒരാളെ ആവശ്യമുണ്ട്. ഇംഗ്ലീഷിലും മലയാളത്തിലും നല്ല പരിജ്ഞാനവും വിശ്വസ്തതയും നല്ല കൈയക്ഷരവുമുള്ളവർ ഏററവും കുറഞ്ഞ ശമ്പളവും യോഗ്യതകളും കാണിച്ച് ഉടനെ അപേക്ഷിക്കുക.

XA
C/O പ്രതിധ്വനി
പുനലൂർ.

പരസ്യം

ചേർത്തല പ്രിൻസിപ്പാൾ ഡിസ്ട്രിക്ട് മുൻസിഫ് കോടതിയിൽ 124-ൽ സിവിൽ നമ്പ്ര 189

വാദി:— പാലിയം എസ്റ്റേററിനു വേണ്ടി കോർട്ട് ഗവർമെൻറു ചീഫ് സെക്രട്ടറി അവർകൾ

അഡ്വക്കേററ് ആർ പരമേശ്വരൻപിള്ള

പ്രതികൾ

6 അരൂർ എരമല്ലൂർ മുറിയിൽ കോവിലകത്തു താമസിക്കും മഠത്തിൽ കണക്ക് നാരായണൻ അച്യുതൻ കർത്താവ്.

8 ടിയിൽ താമസിക്കും ടിയിൽ ഗൌരിഅമ്മ ജാനകിഅമ്മ

9 ടി മുറിയിൽ കളപ്പുരയ്ക്കൽ താമസിക്കും ടിയിൽ നാരായണൻ കേശവൻ കർത്താവ്.

10 ടിയിൽ താമസിക്കും ടിയിൽ നാരായണൻ കൃഷ്ണൻ കർത്താവ്.

12 ടി മുറിയിൽ ചാറയിൽ താമസിക്കും ടിയിൽ ഗോപാല കർത്താവെന്നു വിളിച്ചുവരുന്ന നാരായണൻ ദാമോദരൻ കർത്താവ്.

ടി പ്രതികളെ തെര്യപ്പെടുത്തുന്നത്.

വാദി എസ്റ്റേററുവക അന്യാധീനപ്പെട്ടിട്ടുള്ള വസ്തുക്കൾക്കുള്ള മിച്ചവാരക്കുടിശ്ശിഖ സഹിതം വസ്തുക്കൾ ഒഴിപ്പിക്കുന്നതിനും മററുമായി ബോധിപ്പിച്ചിട്ടുള്ള ഈ നമ്പ്ര അന്യായസംഗതി 124-മീനം 11-ാംതീയതിക്ക് വിചാരണനിശ്ചയിച്ചിരിക്കയാൽ അതുപ്പററി പ്രതികൾക്കു വല്ല തർക്കവുമുണ്ടെങ്കിൽ അന്നേ ദിവസം പകൽ 11 മണിക്ക് ഈ കോടതി മുമ്പാകെ ഹാജരായി ബോധിപ്പിച്ചു കൊള്ളണം അല്ലാത്തപക്ഷം നിങ്ങളുടെ കൂടാതെ കേസ്സ് തീരുമാനിക്കുന്നതാണ്.

വാ. 11 8 124
ഉത്തരവിൻ പ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
124 കുംഭം 25-ാംനു

പ്രാദേശികവാർത്തകൾ

[പ്രാദേശികലേഖകന്മാർ]

പൂഞ്ഞാർ:— അഖിലതിരുവിതാംകൂർ ജനാധിപത്യയുവജന സംഘടനയുടെ ഒരു ശാഖ സ്ഥാപിക്കുന്നതിനായി 23-ാംനു പൂഞ്ഞാർ ചന്തമൈതാനത്തുവെച്ച് എൻ. രാഘവക്കുറുപ്പിന്റെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടി.

പൂഞ്ഞാർ—ശ്രീ: ആർ. വി. തോമസ്സ് 25-ാംനു പൂഞ്ഞാർ പള്ളിവക കെട്ടിടത്തിൽ "ദി കേംബ്രിഡ്ജ് ലൈബ്രറി ആൻഡ് റീഡിംഗ്റൂം" എന്ന പേരിൽ ഒരു ഗ്രാമീണവായനശാല ഉൽഘാടനം ചെയ്കയുണ്ടായി.

ചവറ—മിനറൽകമ്പനീസ്സ് സ്റ്റാഫ് അസോസിയേഷന്റെ പ്രഥമവാർഷിക സമ്മേളനം 28-ാംതീയതി സ്ഥലം ഇംഗ്ലീഷ് സ്കൂളിൽവെച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ബഹു: പ്രധാനമന്ത്രി സമ്മേളനം ഉൽഘാടനം ചെയ്യുന്നതാണ്.

തിരുവല്ലാ—സ്ഥലം സർക്കാർ ജീവനക്കാരുടെ വക 462-ാം നമ്പർ പരസ്പരസഹായസംഘത്തിന്റെ ഒരു വിശേഷാൽ പൊതുയോഗം ഈ മാസം 22-ാം തീയതി സംഘം ആഫീസിൽ വച്ച് പ്രസിഡൻറ് ശ്രീമാൻ വെങ്കിടേശ്വരയ്യർ അവർകൾ ബി. എ. എൽ. ററി. യുടെ അദ്ധ്യക്ഷതയിൽ കൂടുകയും പ്രധാനപ്പെട്ട പല വിഷയങ്ങളെയും പററി തീരുമാനിക്കുകയും ചെയ്തു

മേലമ്പാറ—അയ്യപ്പസേവാസംഘത്തിന്റെ ഒരു ശാഖ ഇവിടെ 118-ാംനമ്പരായി രജിസ്റ്റർ ചെയ്യുന്നതിന് ഹെഡാഫീസിൽ നിന്നും അനുവാദം ലഭിച്ചിരിക്കുന്നതായി അറിയുന്നു.

പൊൻകുന്നം—സ്ഥലം എൻ. എസ്. എസ്. യൂണിയൻവകയും, ഒരു ഹൈന്ദവകമ്മററിയാൽ ഭരിക്കപ്പെടുന്നതുമായ പുതിയകാവ് ഭഗവതിക്ഷേത്രത്തിലെ ഈക്കൊല്ലത്തെ ഉത്സവം അത്യാഡംബരപൂർവം നടത്തപ്പെട്ടിരിക്കുന്നു.

വള്ളിക്കോട്— സ്ഥലത്തുള്ള താഴൂർ ദേവീക്ഷേത്രത്തിൽ കുംഭഭരണി മഹോത്സവം സാഘോഷം നടന്നിരിക്കുന്നു.

കോതമംഗലം— കോതമംഗലം ടൌണിനടുത്തുള്ള തങ്കളം കേവല റോഡുസൈഡിൽ പുരാതനകാലംമുതൽക്കേ കൃഷിക്ക് വളരെ ഉപയുക്തമായ കല്ലുത്തുചിറ ഉണ്ട്. ഇപ്പോൾ ഈ ചിറ മണ്ണുവന്ന് കുറെയൊക്കെ നികന്നതിനാൽ വേനൽക്കാലത്ത് മുൻകൊല്ലങ്ങളെപ്പോലെ കൃഷി അസാദ്ധ്യമായിത്തീർന്നിരിക്കുന്നു ഈ ചിറ ഉടൻതന്നെ കേടുതീർക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു ഗവർമ്മെൻറിനു അപേക്ഷ അയച്ചിട്ടുണ്ട്. ഗവർമ്മെൻറിന്റെ സത്വരശ്രദ്ധ ഈ കാര്യത്തിൽ പതിയുന്നത് കൃഷിക്കാർക്ക് വലിയൊരു അനുഗ്രഹമായിത്തീരുന്നതാണ്.

മുണ്ടക്കയം—സ്ഥലത്തും പരിസരങ്ങളിലും മദ്യപാനികളായ ചട്ടമ്പികളുടെ ശല്യം ക്രമാതീതമായി വർദ്ധിച്ചുവരുന്നു.

കല്ലറ—കല്ലറ ശ്രീനാരായണ ധർമ്മ പ്രചരണ സഭയുടെ ഒരു വിശേഷാൽ പൊതുയോഗം മി: വി. കെ. നാരായണക്കുറുപ്പ് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി ഹൈന്ദവ ദേവസ്വങ്ങൾ പ്രത്യേകം തിരിച്ച് ഒരു ഹിന്ദുഭരണസമിതിക്ക് വിട്ടുകൊടുക്കേണ്ടതാണെന്ന പ്രമേയം പാസ്സാക്കിയിരിക്കുന്നു.

കല്ലറ ശ്രീശാരദാവിലാസിനിഭജനമഠത്തിൽവച്ച് ശ്രീ. മംഗളാനന്ദസ്വാമികളുടെ അദ്ധ്യക്ഷതയിൽ മീനം 1-ാംനു മുതൽ 7 ദിവസത്തെ ഹിന്ദു കൺവെൻഷൻ നടത്തുവാൻ തദ്ദേശവാസികൾ തീരുമാനിച്ചിരിക്കുന്നു.

വാരപ്പെട്ടി— സ്ഥലത്തും പരിസരങ്ങളിലുമുള്ള അവശസമുദായങ്ങളുടെ ഏകോപിച്ചുള്ള ഒരു മഹാസമ്മേളനം ഇന്നു നാലുമണിയ്ക്കു വാരപ്പെട്ടികവല മൈതാനത്തുവച്ച് ശ്രീ. സി. കെ. രാഘവൻനായർ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തിയിരിക്കുന്നു.

കാളികാവ്— ഇതിനടുത്ത വയലായിലും പരിസരങ്ങളിലും ഈ ആണ്ടത്തെ വേനലിന്റെ കാഠിന്യംമൂലം മസൂരിപടർന്നു പിടിച്ചിരിക്കുന്നതായി അറിയുന്നു. പൊതുജനാരോഗ്യവകുപ്പിന്റെ ശ്രദ്ധ ഈ കാര്യത്തിൽ പതിയേണ്ടതാണ്.

കടമല്ലൂർ—കടമല്ലൂർ മയ്യംതുരുത്ത് യുവജനസംഘത്തിന്റെ ദ്വിതീയവാർഷികയോഗം, സ്ഥലം സഹകരണസംഘം ഹാളിൽവച്ച് ശ്രീമാൻ വെള്ളങ്ങളത്തു കരുണാകരൻനായർ ബി. എസ്. സി, എൽ. ററി അവർകളുടെ അദ്ധ്യക്ഷതയിലും മെ: എൻ. ഗോവിന്ദനുണ്ണി എം. എ. ബി എൽ, എ. പി. നായർ ബി. എ, ബി. എൽ എന്നീ പ്രാസംഗികന്മാരുടെ സാന്നിദ്ധ്യത്തിലും കഴിഞ്ഞ 23-ാം തീയതി പകൽ 3 30 നു ആഘോഷിക്കപ്പെട്ടു

ശ്രീമാൻ കടമല്ലൂർ പി ആർ. സി. നായർ രചിച്ച "വിധി" എന്ന ഗദ്യനാടകം ഇന്നാട്ടിലെ യുവാക്കന്മാർ ടി യുവജനസംഘത്തിന്റെ ആഭിമുഖ്യത്തിൽ അഭിനയിച്ചു.

കടമ്പനാട്— കടമ്പനാട് എം. പി. സ്കൂളിന്റെ ജീർണ്ണാവസ്ഥ പരിഹരിക്കുന്നതിനെ പററി ആലോചിക്കുവാൻ സ്ഥലത്തെ പൌരമുഖ്യന്മാർ ചേർന്നുള്ള ഒരു മഹായോഗം, കരയോഗം പ്രസിഡണ്ട് പുന്തല പി. ഗോവിന്ദക്കുറുപ്പവർകളുടെ അദ്ധ്യക്ഷതയിൽ 24-ാംനു എം പി. സ്കൂൾ ഹാളിൽവച്ച് കൂടുകയുണ്ടായി. കരയോഗം പ്രസിഡണ്ടുൾപ്പെടെ 9 പേരടങ്ങിയ ഒരു കമ്മററിയേയും തെരഞ്ഞെടുത്തു.

മൂവാററുപുഴ—സ്ഥലം കേരളഹിന്ദുമിഷ്യന്റെ ആഭിമുഖ്യത്തിൽ കാഞ്ഞിരപ്പള്ളിമനവക കാക്കൂർ കാളവയൽ നടത്തുന്നതിനെ തുടർന്ന് ആമ്പശ്ശേരികാവ് ഭഗവതി ക്ഷേത്രത്തിൽ വച്ച് 23-ാംനു അവശസമുദായ ഹിന്ദുമിഷ്യൻ സൂപ്പർവൈസർ ശ്രീ. ടി. എം. നാരായണൻനായർ, ശ്രീ. എൻ. എൻ. നായർ, വിദ്വാൻ ശ്രീ കാക്കൂർ നാരായണമേനവൻ, എന്നിവരുടെ ശ്രദ്ധേയങ്ങളായ മതപ്രസംഗങ്ങൾ നടക്കുകയുണ്ടായി.

വാർത്താസംഗ്രഹം

ലോകനാഥൻ നിര്യാതനായി

ഐ. എൻ. എ. യിലെ മേജർ ജനറൽ ലോകനാഥൻ മദ്രാസിൽ വെച്ച് തന്റെ 60-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

കൽക്കട്ടയിൽ നിശാനിയമം

കൽക്കട്ടയിലുള്ള ബാരക്പുരിലെ ഫാക്ടറി പ്രദേശത്ത് 15 ദിവസത്തെ നിശാനിയമം ഏർപ്പെടുത്തിയിരിക്കുന്നു. കമ്മ്യൂണിസ്റ്റ് പ്രക്ഷോഭണത്തെത്തുടർന്നാണ് ഇത്.

ഇനിയും അഭയാർത്ഥികൾ

റംഗൂണിനടുത്തുള്ള ഇൻസീനിൽ 3000 ഇന്ത്യൻ അഭയാർത്ഥികൾ ഇനിയും അവശേഷിച്ചിട്ടുണ്ട്

സ്റ്റേഷൻമാസ്റ്ററെ അറസ്റ്റുചെയ്തു.

ഷൊർണൂർ റിലീസിംഗ് സ്റ്റേഷൻ മാസ്റ്ററെ പോലീസ് അറസ്റ്റുചെയ്തിരിക്കുന്നു, മലബാറിൽ എല്ലാം കൂടി 85 കമ്മ്യൂണിസ്റ്റ് റെയിൽവേ തൊഴിലാളികളെ അറസ്റ്റു ചെയ്തിട്ടുണ്ട്.

അമേരിക്കയിൽ തൊഴിലില്ലായ്മ

അമേരിക്കയിൽ ഇടയിക്കടയായി തൊഴിലില്ലായ്മ വർദ്ധിച്ചു വരുന്നു: 4200000 പേർ ഈ ജനുവരിയിൽ തൊഴിലില്ലായ്മക്കു പരിഹാരം ആവശ്യപ്പെട്ടിട്ടുണ്ട്.

ശരത്ബോസിന്റെ പാർട്ടി

ന്യൂഡെൽഹി, മാർച്ച് 9

സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ പാർട്ടിയുടെ സ്ഥാപകനായ മി. ശരത്ചന്ദ്രബോസ് ഒരു അഭിമുഖസംഭാഷണത്തിൽ പ്രസ്താവിച്ചതു് അടുത്ത പൊതുതെരഞ്ഞെടുപ്പിൽ എല്ലാ പ്രവിശ്യകളിലും തന്റെ പാർട്ടി സ്ഥാനാർത്ഥികളെ നിർത്തി മത്സരിക്കുമെന്നാണ്. സോഷ്യലിസ്റ്റ് തത്വങ്ങളിൽ അധിഷ്ഠിതമായ തൊഴിൽനിയമങ്ങൾ ഉണ്ടാക്കുകയും അവ ഊർജ്ജിതത്തിൽ വരുത്തുകയും ചെയ്യുന്നപക്ഷം രാജ്യത്തു സമാധാനമുണ്ടാകുമെന്നും തൊഴിലാളികൾ അവസാനത്തെ യുദ്ധമായിട്ടേ പണിമുടക്ക് അവലംബിക്കാവൂ എന്നും തുടർന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

റഷ്യൻ ഭൂലോകസ്വർഗ്ഗം

ഇന്ത്യൻ പ്രതിനിധിയുടെ മറുപടി

ലേക്ക് സക്സസ്സ്, മാർച്ച് 7

തൊഴിൽപ്രശ്നങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തുവാൻ ഒരു സംഘത്തെ നിയമിക്കണമെന്ന റഷ്യൻ നിർദ്ദേശം ചർച്ച ചെയ്തുകൊണ്ടിരിക്കവേ ഇന്ത്യയുടെ കാര്യത്തിൽ ഒരു കുററം ചെയ്ത മനസ്സാക്ഷിയാണുള്ളതു എന്ന റഷ്യൻപ്രതിനിധിയുടെ പ്രസ്താവനയെ ഇന്ത്യൻപ്രതിനിധി മി. സാക്സേന ശക്തിയായി ആക്ഷേപിച്ചിരിക്കുന്നു.

"ഇന്ത്യാഗവർമ്മെൻറു നിർബന്ധതൊഴിൽ ഒരു വിധത്തിലും അംഗീകരിച്ചിട്ടില്ല ആളുകളുടെ ഹിതത്തിനെതിരായി പണിയെടുപ്പിക്കുന്നതു ഇന്ത്യൻ നിയമപ്രകാരം കുററകരമാണ്. ഇതിൽ ഇന്ത്യയ്ക്കു ലജ്ജിക്കത്തക്കതോ ഒളിച്ചു വെയ്ക്കേണ്ടതോ ആയ യാതൊന്നുംതന്നെയില്ല. ഇതിനെപ്പററി അന്വേഷിക്കുവാൻ നിയമിക്കുന്ന സംഘത്തിനു ഇൻഡ്യാ ഗവർമ്മെൻറിന്റെ പൂർണ്ണ സഹകരണം ലഭിക്കുന്നതുമാണ്."

റഷ്യയിൽ ഒരു ഭൂലോകസ്വർഗ്ഗം സ്ഥാപിച്ചിരിക്കുന്നതായി റഷ്യൻ പ്രതിനിധി അഭിമാനിക്കുന്നു. ആ സങ്കല്പസ്വർഗ്ഗാനുഭൂതിക്ക് അദ്ദേഹം അർഹനുമാണ്. എന്നാൽ നിർബന്ധതൊഴിലിനെ സംബന്ധിച്ചുള്ള റഷ്യൻ പ്രമേയം വിശദമല്ലാത്തതുകൊണ്ട് ഇന്ത്യയ്ക്ക് അതിനെ എതിർക്കേണ്ടിവന്നിരിക്കുന്നു", എന്നിപ്രകാരമാണ് അദ്ദേഹം പ്രസ്താവിച്ചത്.

(പി. ടി. ഐ.)

ഇൻഡ്യയെ ശക്തിപ്പെടുത്താൻ

പാററ്നാ, മാർച്ച് 9

സോഷ്യലിസ്റ്റുപാർട്ടി കോൺഗ്രസ്സിനെതിരാണെന്നും എന്നാൽ ഇൻഡ്യയെ ശക്തിപ്പെടുത്താൻ പാർട്ടി അതിന്റെ കഴിവിൽപെടുന്നതെല്ലാം ചെയ്യുന്നതാണെന്നും സോഷ്യലിസ്റ്റു പാർട്ടി സമ്മേളനാദ്ധ്യക്ഷനായ ആചാര്യനരേന്ദ്രദേവ് ഇവിടെ ഒരു വിദ്യാർത്ഥിസമ്മേളനത്തിൽവച്ച് പ്രസ്താവിച്ചിരിക്കുന്നു. ഇന്നത്തെ കോൺഗ്രസ്സ്ഗവർമ്മെൻറ് ഫാസിസത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കയാണെന്ന പ്രചരണത്തിൽ താൻ വിശ്വസിക്കുന്നില്ലെന്നും മി: ദേവ് പറഞ്ഞു. (എ-പി)

പെട്രോൾ കാര്യത്തിൽ

ഇൻഡ്യ

സ്വയംപര്യാപ്തമാകയില്ല

ന്യൂഡെൽഹി, മാർച്ച് 9

വൻപിച്ച എണ്ണഖനികൾ കണ്ടുപിടിക്കപ്പെടാത്തപക്ഷം പെട്രോൾ കാര്യത്തിൽ ഇൻഡ്യ സ്വയം പര്യാപ്തമാകാനിടയില്ലെന്നു വർക്ക്സ്മിനിസ്റ്റർ മി. എൻ. വി. ഗാഡ്ഗിൽ ഡൊമിനിയൻ പാർലമെൻററിൽ പ്രസ്താവിച്ചിരിക്കുന്നു.

കോമൺവെൽത്തു പ്രധാനമന്ത്രിമാരുടെ സമ്മേളനത്തിൽ നടന്ന ചർച്ചകൾ രഹസ്യങ്ങളാണെന്നു മി എച്ച്. വി. കമ്മത്തിന്റെ ചോദ്യത്തിനു മറുപടിയായി പ്രധാനമന്ത്രി പ്രസ്താവിച്ചു. സിക്കിം, ബൂട്ടാൻ എന്നിവയും ഇൻഡ്യയും തമ്മിലുള്ള ഭാവിബന്ധത്തെപ്പററി ഇൻഡ്യാഗവർമ്മെൻറ് ആലോചിച്ചു വരുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

(എ-പി)

ഗോഡ്സെയുടെ അപേക്ഷ

സിംലാ, മാർച്ച് 9

തന്റെ അപ്പീൽസംബന്ധിച്ച് സ്വയം വാദം നടത്താൻ അനുവദിക്കണമെന്നുള്ള നാഥുറാം ഗോഡ്സെയുടെ അപേക്ഷയെപ്പററി ഡെൽഹിപ്രോവിൻസിന്റെ സർക്കാർവക്കീലിന്റെ അഭിപ്രായമറിഞ്ഞശേഷം തീരുമാനം ചെയ്യുന്നതാണെന്നു പൂർവപഞ്ചാബ് ഹൈക്കോർട്ടിലെ വെക്കേഷൻജഡ്ജി ഉത്തരവിട്ടിരിക്കുന്നു. സന്ദർശനങ്ങൾക്കുള്ള അനുമതിയെ സംബന്ധിച്ച് ജഡ്ജി പ്രസ്താവിച്ചതു് ആ വിഷയം ജയിലധികൃതർ തീരുമാനിക്കേണ്ടതാണെന്നാണ്. ജയിലിൽ ഉയർന്നക്ലാസ്സിൽ പെരുമാറണമെന്ന അപേക്ഷ സംസ്ഥാനിക ഗവർമ്മെൻറിനയക്കേണ്ടതാണെന്നും ജഡ്ജി നിർദ്ദേശിച്ചു.

നിയമനം നടന്നില്ല

നാങ്കിങ്ങ്, മാർച്ച് 9

രാജിവച്ച ഡാഃ സൺഫോസ്സു പകരം ചൈനയിൽ പുതിയ പ്രധാനമന്ത്രിയെ നിയമിച്ചതായി വാർത്തയൊന്നും ഇതുവരെയില്ല.

ഗവർമ്മെൻറിന്റെ അധീനതയിലുള്ള പ്രദേശങ്ങളും കമ്മ്യൂണിസ്റ്റ് അധീനതയിലുള്ള പ്രദേശങ്ങളും തമ്മിൽ മെയിൽ സർവീസ്സു പുനരാരംഭിച്ചിട്ടുള്ളതായറിയുന്നു. (റോയിട്ടർ)

ബ്രിട്ടനിലെ തുണി

കൺട്രോൾ

ലണ്ടൻ, മാർച്ച് 8

ബ്രിട്ടീഷ് ക്യാബിനററിന്റെ ഒരു യോഗം ഇന്നു കൂടി തുണിയുടെ കൺട്രോൾ പിൻവലിക്കുവാൻ ആലോചന നടത്തിയതായി അറിയുന്നു.

എട്ടുശാസ്ത്രഗ്രന്ഥങ്ങൾ

1. ഹിപ്പ്നോട്ടിസം (മെസ്മറിസം) മനുഷ്യരെ ഉറക്കുക, മരംപോലെ മരവിപ്പിക്കുക, രോഗം ഭേദമാക്കുക മുതലായവ സചിത്രം വിവരിച്ചിരിക്കുന്നു. പ്രാരംഭപാഠം 3 രൂപാ_ഉപരിപാഠം 3 രൂ. 8 ണ
2. സ്വപ്നജാതകം:- മലയാളം അറിയാവുന്ന എല്ലാവർക്കും ജ്യോതിഷം പഠിച്ചു ഫലം അറിയാൻ പററിയ ഗ്രന്ഥം. ഒന്നും രണ്ടും ഭാഗങ്ങൾ 4 രൂപാ.
3. സ്വപ്നശാസ്ത്രം:- എല്ലാ സ്വപ്നങ്ങളും അതിന്റെ ശരിയായ അർത്ഥവും വിവരിക്കുന്നു. 1 രൂ 12 ണ.
4. ഗൌളിശാസ്ത്രം:- പല്ലിചൊല്ലിന്റെ അർത്ഥം. 2 രൂ.
5. മുഖലക്ഷണശാസ്ത്രം.— മുഖത്തിന്റെ രൂപം, ആകൃതി, വലിപ്പം മുതലായവയെ മനസ്സിലാക്കി ഒരു വ്യക്തിയുടെ സ്വഭാവം നിർണ്ണയിക്കുന്നതിനു പററിയ ശാസ്ത്രഗ്രന്ഥം: വില ക. 1 ണ. 8
6. ഹസ്തരേഖാശാസ്ത്രം.— കൈറോവിന്റെ ഹസ്തരേഖാശാസ്ത്രം സമ്പൂർണ്ണം 2 രൂ 8 ണ:
7. ശകുനശാസ്ത്രം.— ശകുനം ലക്ഷണം ആദിയായവ. 2 രൂപാ
8. കാമസൂത്രം.— ഒന്നാംതരം രതിശാസ്ത്രം. 2 രൂ 8 ണ.

എല്ലാററിനും വി. പി. ചിലവു പുറമെ
ഓറിയൻറ് അഡ്വർട്ടൈസേർസ് ലിമിറ്റഡ്,
കെ. കെ. റോഡ്, കോട്ടയം.

കളഞ്ഞുകിട്ടി

പൊൻകുന്നം പുതിയകാവു ക്ഷേത്രവളപ്പിൽ നിന്നും ഒരു റിസ്റ്റ്വാച്ച് കിട്ടിയിരിക്കുന്നു; അടയാളസഹിതം ആവശ്യപ്പെട്ടാൽ ഉടമസ്ഥനു കൊടുക്കുന്നതാണ്.

പി. കെ ചെല്ലപ്പൻപിള്ള,
ഇംഗ്ലീഷ് മിഡിൽസ്കൂൾ ററീച്ചർ, ചിറക്കടവ്.
C/o എൻ. ഗോപാലൻനായർ,
മർച്ചൻറ്, ചിറക്കടവ്, പൊൻകുന്നം.

മുനിസിപ്പൽ ലേലങ്ങൾ

കോട്ടയം മുനിസിപ്പൽ കൗൺസിൽവക നാഗമ്പടം പാലത്തിനു സമീപമുള്ള കന്നുകാലിച്ചന്തയിൽ നിന്നും മീനമാസം 9, 10, 11, 12, 13 എന്നീ തീയതികളിൽ ഫീസ്സു പിരിക്കുന്നതിനും, തിരുനക്കര ഉത്സവം സംബന്ധിച്ചു താൽക്കാലികാവശ്യത്തിനു റോഡു പുറമ്പോക്കുകൾ ഉപയോഗിക്കുന്നതിനും ഉള്ള അവകാശങ്ങൾ 1124 മീനം 2-ാംതീയതി പകൽ 5 മണിക്ക് ഈ ആപ്പീസിൽ വച്ചു ലേലം ചെയ്തു കൊടുക്കുന്നതാകുന്നു.

കാർഷികോൽപ്പന്നങ്ങൾ വില്പന നടത്തുന്നതിനു തിരുനക്കരമൈതാനം ഫീസ്സുകൂടാതെ ഉപയോഗിക്കാവുന്നതും മററു സാധനങ്ങളുടെ വില്പനയ്ക്കായി മുൻകൂട്ടി ഫീസൊടുക്കി അപേക്ഷിക്കേണ്ടതുമാകുന്നു.

കൂടുതൽ വിവരങ്ങൾ പ്രത്യേകപരസ്യങ്ങൾ കണ്ടും ഈ ആപ്പീസിൽ അന്വേഷിച്ചും ഗ്രഹിക്കാവുന്നതാണ്.

മുനിസിപ്പൽ ആഫീസ്,) പി. ഡി. കുരുവിള,
കോട്ടയം, 26—7—24.) കമ്മീഷണർ.

ഇതു വായിക്കണം! പ്രാധാന്യമേറിയ പ്രഖ്യാപനം!

ലക്ഷോപലക്ഷത്തെ ഇതു സഹായിക്കും

പ്രിയപ്പെട്ട വായനക്കാരേ,

ഞാൻ ഒരു ഡാക്ടറോ ആയുർവേദവൈദ്യനോ അല്ല, ഒരു സാധാരണൻ മാത്രം. ഭാഗ്യദോഷത്താൽ സ്വാന്തമായതാരങ്ങൾക്കു ഇരയായിത്തീർന്നിരുന്ന ഒരുവൻ; എന്റെ അമിതഭോഗജീവിതം അല്പകാലത്തിനകം എന്നെ സ്വയം സ്ഖലനത്തിനും പരിപൂർണ്ണമായ നാഡിബലക്ഷയത്തിനും ഇരയാക്കി. ക്ഷീണം അടിക്കടി വർദ്ധിച്ചു. ഹൃദയത്തിന്റെ ഇടിപ്പ് വർദ്ധിച്ചുവർദ്ധിച്ചുവന്നു. സഭാപി മന്ദതയും കുറവുമായി. മരിച്ചാൽ മതിയെന്നുള്ള മട്ടിൽ ജീവിതം മുഷിഞ്ഞു സ്നേഹിതന്മാർ എന്റെ വിഷാദത്തിന്റെ കാരണം ചോദിക്കും. എന്റെ ഈ ആത്മനാശത്തിന്റെ കഥ ഞാൻ എങ്ങനെ പറയും? രഹസ്യമായി ഞാൻ ഒരായിരം സുപ്രസിദ്ധ ഡാക്ടറന്മാരോടും ഹക്കീമുകളോടും ആലോചിച്ചു. അത്ഭുതകരങ്ങളായ തങ്ങളുടെ ഔഷധങ്ങളെപ്പററി വീരവാദം നടത്തിക്കൊണ്ടിരുന്നവരാണ് ഇവരെല്ലാം. അവരുടെ അത്ഭുതങ്ങളും സൂചകളും എല്ലാം ഞാൻ ഉപയോഗിച്ചുനോക്കി. ഒരു ഫലവുമുണ്ടായില്ല; ജീവനോടെ ഇരിക്കത്തന്നെയുള്ള ഈ തികഞ്ഞ നരകത്തെക്കാൾ ഭേദം മരണമാണെന്നു എനിക്കു തോന്നി. ഭാഗ്യവശാൽ എനിക്ക് എന്റെ ജോലി സംബന്ധിച്ച് പെഷവാറിലേക്കു പോകേണ്ടിവന്നു. അവിടെവച്ച് ഞാൻ ഒരു മഹാത്മാവിനെ (സന്യാസി) കണ്ടെത്തി. ആരംഭത്തിൽതന്നെ എന്നോട് അദ്ദേഹം എന്റെ ഭയങ്കരവിഷണ്ണതയ്ക്കും വിരസഭാവത്തിനും കാരണമെന്തെന്നു ചോദിച്ചു. എന്റെ അസ്വാസ്ഥ്യഹേതുവും കഥ മുഴുവനു മഹാത്മാവിനെ അറിയിക്കുവാൻ എന്നെ നിർബന്ധിച്ചു. ആത്മഹത്യ ചെയ്താലെന്തെന്ന എന്റെ വിചാരവും ഞാൻ അറിയിച്ചു. ഈ സന്യാസിക്ക് എന്നിൽ അനുകമ്പ തോന്നി രണ്ടു മരുന്നുകൾ വിധിച്ചു. ഒന്നു് ഉള്ളിൽ സേവിക്കുവാനും ഒന്നു് പുറമെ പുരട്ടുവാനും, ഞാൻ വേണ്ട മൂലികകളും ഔഷധങ്ങളും സമ്പാദിച്ച് അദ്ദേഹത്തിന്റെ മുമ്പിൽ വച്ചു തന്നെ മരുന്നു തയ്യാറാക്കി മുറയ്ക്കു ഉപയോഗിക്കാനും തുടങ്ങി. പ്രിയവായനക്കാരേ, ഞാൻ ദൈവത്തെക്കൊണ്ടു സത്യംചെയ്തു നിങ്ങളോടു പറയുന്നു, 7—ാംദിവസം യൗവന പുനഃപ്രാപ്തി എനിക്ക് അനുഭവപ്പെട്ടുതുടങ്ങി; ഇപ്പോൾ എനിക്ക് എന്റെ പൗരുഷ ചൈതന്യത്തെക്കുറിച്ച് അഭിമാനം തോന്നുന്നുണ്ട്. ഏതാനും പ്രാവശ്യത്തെ ഔഷധസേവ കഴിഞ്ഞപ്പോൾ ആത്മനിയന്ത്രണം എനിക്കു സാധിക്കാതെയായെങ്കിലും സന്യാസിയുടെ വിധിപ്രകാരം 21 ദിവസം വേണ്ട കരുതലുകളോടുകൂടി ചികിത്സ തുടർന്നു നടത്തേണ്ടതായുണ്ടായിരുന്നു. ദിവസവും 4 സേർ പാൽ എളുപ്പം ദഹിക്കുമെന്ന നിലയിലായി, എന്റെ കണ്ണുകൾ തിളങ്ങി. ചൈതന്യത്തിന്റെ അരുണകാന്തി എന്റെ കവിളുകളിൽ കളിയാടി. പൊയ്പോയ ശക്തിയും ഓജസ്സും എനിക്കു വീണ്ടും കിട്ടി. നാട്ടിൽ മടങ്ങിയെത്തിയപ്പോൾ ഞാൻ ശേഖരിച്ച മരുന്ന് ദയനീയമായ ഷണ്ഡത്വം ബാധിച്ചിരുന്ന ചിലർക്കു കൊടുത്തു പരീക്ഷിച്ചുനോക്കി. സ്വയം സ്ഖലനരോഗത്തിനു് അതു നിസ്തുല്യമായ മഹൗഷധമാണെന്നു ബോദ്ധ്യപ്പെട്ടു; ദീർഘദൃഷ്ടികളായ എന്റെ സ്നേഹിതന്മാരുടെ നിർദ്ദേശത്താലും, പൊതുജനങ്ങളുടെ ഗുണത്തെ ഉദ്ദേശിച്ചും ഞാൻ ഇതിനെ മുൻപറഞ്ഞതരത്തിലുള്ള അപൽക്കരങ്ങളായ രോഗങ്ങൾ പിടിപെട്ട് പുരുഷത്വം നശിച്ചുപോയിരിക്കുന്നവർക്കുവേണ്ടി പരസ്യപ്പെടുത്തിക്കൊള്ളുന്നു. ഈ രോഗങ്ങൾ ഭേദപ്പെടുത്തുവാനായി അനവധി പണം ചെലവാക്കി യാതൊരു ഫലവും ഉണ്ടാകാതെ വിഷമിക്കുന്നവർക്ക് ഈ ഉടനെ ഫലിക്കുന്ന മഹൗഷധം വെറും നിസ്സാരമായ ചിലവിൽ ഉടൻ സമ്പാദിക്കാവുന്നതാണ്. പരസ്യത്തിനും മരുന്നുണ്ടാക്കുവാനും വേണ്ട ചെലവിനുതന്നെ തികയാത്തതാണ് ഇതിന്റെ വില. വിദേശങ്ങളിൽനിന്നും വില മുൻകൂർ അയയ്ക്കേണ്ടതാണ്.

21 ദിവസത്തേയ്ക്കു പുനർയൗവനഗുളികകൾ രൂ 5-0-0.
21 ദിവസം പുറമേപുരട്ടുന്നതിനുള്ള എണ്ണ രൂ 5—8—0.

ജാത്യാലുള്ളതൊഴിച്ച് മററെല്ലാം നാഡീബലക്ഷയത്തേയും സുഖപ്പെടുത്തും; ഈ മരുന്നുകളിൽ ദോഷകരമായ ഒന്നും ചേർത്തിട്ടില്ലാത്തതിനാൽ ആബാലവൃദ്ധം കാലഭേദം കൂടാതെ ഉപയോഗിക്കാം. (എണ്ണ പൊള്ളലുകൾ ഒന്നും ഉണ്ടാക്കുകയില്ല.)

ഭേദപ്പെടുമെന്നുള്ളതിനു് ഉത്തരവാദിത്വം. ഈ മരുന്നുകൊണ്ടു് ഗുണം കിട്ടുകയില്ലെങ്കിൽ മരുന്നിന്റെ വില തിരിച്ചു കൊടുക്കുന്നതാണ്. ആയിരക്കണക്കിനു ഡാക്ടറന്മാർ ശുപാർശ ചെയ്തിരിക്കുന്നു.

പ്രധാന അറിയിപ്പ്. ഞരമ്പുതളർച്ച, പുരുഷത്വമില്ലായ്മ ഇവയ്ക്കുമാത്രം പററിയ മരുന്ന്. ഗുഹ്യരോഗങ്ങൾമൂലം സംഭവിക്കുന്ന ശക്തിക്ഷയത്തിനും ആരോഗ്യവർദ്ധനവിനും പററിയ ദിവ്യൗഷധം.

(എഴുത്തുകുത്തുകൾ ഇംഗ്ലീഷിൽ)

MANAGER,
Dar-ul-Shafa Golian (Regd.) D. B. K.
Batala (Dist. Gurdaspur) E. Punjab.
മാനേജർ, ദാറുൽഷഫാ ഗോലിയൻ, രജിസ്റ്റേർഡ് (D. B. K.)
ബട്ടാലാഡിസ്ട്രിക്ട്, ഗുർദാസ്പൂർ, പഞ്ചാബ്.

A WORLD ATTRACTION
Appreciated by famous personalities is
KALANIDHI
having a good reputation and wide Circulation in the World
Apply for Adv: Rates to:—
Kalanidhi, Trivandrum.
Phone No. 554.

THE DESABANDHU

[illegible]
ബ്രാഹ്മിൻസ്
റസ്റ്റാറന്റ്
ആലുവാ
സ്വരാജ് ബസ്സ്സ്റ്റാൻറിനും
റെയിൽവെസ്റ്റേഷനും സമീപം
H. O. [illegible] രാജഭവൻ
ആവടി, മദ്രാസ്

മി. വി. പി. മേനോനും പത്നിക്കും

‘ദേശബന്ധു’, ലേഖനസമാഹാരവും കാർട്ടൂണുകളും സമ്മാനിക്കപ്പെട്ടു

വൈക്കം, കുംഭം 27

ആലപ്പുഴയിൽനിന്നും കോട്ടയം വഴി ഇവിടെ എത്തി സ്പെഷ്യൽ ബോട്ടിൽ ഇവിടെ നിന്ന് എറണാകുളത്തേക്കു പുറപ്പെട്ടുന്ന മി. വി. പി. മേനവനെയും പത്നിയെയും സ്വീകരിച്ചു യാത്ര അയയ്ക്കുവാനായി ഡെ. പ്രസിഡണ്ട് മി. ചന്ദ്രശേഖരപിള്ള, അഡ്വൊക്കേറ്റ്ജനറൽ മി. ഗംഗാധരമേനോൻ, വടക്കുംകൂർ വലിയരാജാ, മുനിസിപ്പൽ ചെയർമാൻ മി: വി. കെ. വേലപ്പൻനായർ, എം. എൽ. എ. മാരായ കെ. വി. മാധവൻ, വി. ഗോപാലൻ, ജോൺഫിലിപ്പോസ് തുടങ്ങി ഒട്ടേറെ ആളുകൾ കാലത്തു 11 മണിയോടുകൂടെ സ്ഥലം ടി. ബി യിൽ ഹാജരുണ്ടായിരുന്നു. കൊച്ചി ഗവണ്മെന്റിനെ പ്രതിനിധീകരിച്ച് ചീഫ് സെക്രട്ടറി മി: രാഘവനും സന്നിഹിതനായിരുന്നു.

12 മണിക്കു മുമ്പ് ഇവിടെ എത്തുമെന്നു പ്രതീക്ഷിക്കപ്പെട്ടിരുന്ന മി. മേനവനും പാർട്ടിയും 12-20നു ടി. ബിയിലെത്തി. ഉദ്ദേശം 5 മിനിററു നേരം എല്ലാവരുമായി കുശലപ്രശ്നം നടത്തിയശേഷം അദ്ദേഹം ചായ കുടിക്കുവാനായി മുറിയിലേക്കു പ്രവേശിച്ചു. തുടർന്ന്, വൈക്കത്തുവച്ചുതന്നെ സന്ദർശിക്കുവാനാവശ്യപ്പെട്ടിരുന്നതനുസരിച്ചു ഹാജരായിരുന്ന മി. ആർ. കെ. കർത്താവിനെ (ദേശബന്ധു എഡിറ്റർ) അകത്തേക്കു ക്ഷണിക്കുകയും, വൈകുന്നതുവരെ സ്വല്പം താമസിച്ചു പോയതിനാലും ഉടൻ എറണാകുളത്തേക്കു തിരിക്കേണ്ടിയിരിക്കുന്നതിനാലും സുദീർഘ സംഭാഷണങ്ങൾക്കു തൽക്കാലം സൗകര്യമില്ലാതിരിക്കുന്നതിനാൽ വൈകിട്ടു 7 മണിക്കു ശേഷം എറണാകുളത്തുവച്ചു തന്നെ സന്ദർശിക്കുന്നതു വളരെ സന്തോഷമായിരിക്കുമെന്നു പ്രസ്താവിക്കയും ചെയ്തു. “ദേശബന്ധു”വിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഏതാനും കാർട്ടൂണുകൾ, മി. മേനവനു നൽകിക്കൊണ്ട് “തിരുവിതാംകൂറിലെ രാഷ്ട്രീയ-വർഗ്ഗീയ [illegible] ഇവയിൽ പലതും [illegible]മിതം പൂർവം വർണ്ണിക്കുന്നുണ്ടെന്ന്” മി. കർത്താ വിശദീകരിക്കുകയുണ്ടായി. തുടർന്ന് “ദേശബന്ധു”വിലെ ഏതാനും മുഖപ്രസംഗങ്ങളും, വിമർശനവീഥികളും പുസ്തകരൂപത്തിൽ അച്ചടിച്ചിട്ടുള്ളതിന്റെ ഒരു പ്രതിയും മി. മേനവനു സമ്മാനിക്കപ്പെട്ടു. “ഞാൻ പഠിക്കുവാനുള്ളതോ ഈ പുസ്തകം” എന്നു മി. മേനോൻ ഫലിതരൂപേണ ചോദിച്ചതിന്, “തിരുവിതാംകൂറിന്റെ ഭാവി അവിടുന്നു രൂപീകരിക്കുവാൻ പോകുന്ന ഈ അവസരത്തിൽ ഇവിടുത്തെ കാര്യങ്ങളും കുഴപ്പങ്ങളും നിഷ്പക്ഷമായി പ്രതിപാദിക്കുന്ന ഈ ലേഖനങ്ങൾ പഠനാർഹങ്ങൾതന്നെയാണെ”ന്നു മി. കർത്താ മറുപടി നൽകി. ഇതിനു മറുപടിയായി, “ശരി, ഞാൻ ഇതു ശ്രദ്ധിച്ചു വായിക്കാം” എന്നു മി. മേനോൻ പറയുകയും ചെയ്തു.

പ്രസ്തുത കാർട്ടൂണുകളുടെയും പുസ്തകത്തിന്റെയും ഓരോ പ്രതി വീതം മിസ്സിസ്സു മേനവനും നൽകപ്പെട്ടു. “ദേശബന്ധു എനിക്കു കിട്ടുന്നുണ്ട്. ഞാൻ വായിക്കാറുമുണ്ട്. ഈ കാർട്ടൂണുകൾ ബോട്ടിലിരുന്നു ഞങ്ങൾ ഒന്നുകൂടെ നോക്കുന്നതാണ്. ചിലതിന്റെയെല്ലാം അർത്ഥം ഇവിടുത്തുകാർക്കു മാത്രമേ മനസ്സിലാകയുള്ളായിരിക്കാം” എന്നു മിസ്സിസ്സു മേനോൻ മന്ദസ്മിതപൂർവം പറഞ്ഞു.

ഇതിനുശേഷം വീണ്ടും പോർട്ടിക്കോയിൽ വന്നിരുന്ന് സന്നിഹിതരുമായി ഏതാനും മിനിററുകൂടെ കുശലപ്രശ്നങ്ങൾ നടത്തി. തന്റെ യാത്രയിൽ ഇവിടുത്തുകാരെ കണ്ടിട്ട് ഇവിടെ പട്ടിണിയുള്ളതായി തോന്നുന്നില്ലാ എന്നും, വിദ്യാർത്ഥികൾക്ക് ഉച്ചയ്ക്കു പാൽവിതരണം ചെയ്യുന്ന സമ്പ്രദായം ഇവിടെ ഏർപ്പെടുത്താൻ നോക്കണമെന്നും മററും സംഭാഷണത്തിനിടയിൽ അദ്ദേഹം പറകയുണ്ടായി. ഗ്രൂപ്പ് ഫോട്ടോ എടുത്തശേഷം 12-45നോടുകൂടെ മി. മേനവനും പാർട്ടിയും സന്നിഹിതരോടു യാത്ര പറഞ്ഞു ബോട്ടുകയറി, യാത്ര പുറപ്പെട്ടു. ബോട്ടിൽ ലഞ്ച് ഏർപ്പാടുചെയ്തിട്ടുണ്ടായിരുന്നു.

കൃഷിവികസനത്തിന്

ഇൻഡ്യാഗവർമ്മെൻറിനെ ഉപദേശിക്കാൻ രണ്ടു യു. എൻ. വിദഗ്ദ്ധന്മാർ

നൂഡെൽഹി, മാർച്ച് 10

ഇൻഡ്യയുടെ പ്രത്യേകമായ കാർഷിക പ്രശ്നങ്ങളെ സംബന്ധിച്ച് ഇൻഡ്യാ ഗവണ്മെന്റിനെ ഉപദേശിക്കുവാൻ യു. എൻ. ഭക്ഷ്യകാർഷിക സംഘടനയിൽപെട്ട രണ്ടു വിദഗ്ദ്ധന്മാരുടെ സേവനങ്ങൾ താമസിയാതെ ലഭിക്കുമെന്നറിയുന്നു. കേന്ദ്രഗവണ്മെന്റോ പ്രവിശ്യാഗവണ്മെന്റുകളോ നടത്തുന്ന ഗവേഷണങ്ങളുടെ ഫലം കർഷകനു ലഭിക്കത്തക്കവിധം ഒരു അഗ്രികൾച്ചറൽ എക്സ്റ്റെൻഷൻ സർവീസ് ഏർപ്പെടുത്തുവാൻ ഇൻഡ്യാ ഗവണ്മെന്റ് ആലോചിച്ചു വരുന്നതായും അറിയുന്നു. ഈ വിഷയത്തിൽ യുണൈറെറഡ് സ്റ്റേററ്സിൽ ഒട്ടേറെ പുരോഗതിയുണ്ടായിട്ടുണ്ട്. വിദഗ്ദ്ധന്മാരിലൊരാൾ, ഈ കാര്യത്തിൽ ഇൻഡ്യാ ഗവണ്മെന്റിനു വേണ്ട ഉപദേശം നൽകുന്നതുമാണ്.

(എ—പി)

വിദ്യുച്ഛക്തി വികസനം

ജപ്പാനിൽ നിന്നു യന്ത്രങ്ങൾ വരുത്താൻ ശ്രമിച്ചുവരുന്നു

നൂഡൽഹി, മാർച്ച് 10

രാജ്യത്തെ വിവിധ വിദ്യുച്ഛക്തിവികസന പദ്ധതികൾ കഴിവതുംവേഗം നടപ്പിൽ വരുത്തുന്നതിനുവേണ്ടി ജപ്പാനിൽനിന്നു വിദ്യുച്ഛക്തിയന്ത്രങ്ങൾ വരുത്തുന്നതിന്റെ സാധ്യതയെപ്പററി ഇൻഡ്യാഗവണ്മെന്റ് അന്വേഷണം നടത്തിവരുന്നതായി കേന്ദ്രഗവണ്മെന്റിലെ വിദ്യുച്ഛക്തിവകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ചുള്ള ഒരു റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. (എ-പി)

കരിഞ്ചന്ത നിരോധന ബിൽ

മദ്രാസ് നിയമസഭ ആലോചിക്കും

മദ്രാസ്, മാർച്ച് 9

കരിഞ്ചന്ത തടയുന്നതിനു വിപുലരൂപമായ ഒരു ബിൽ തയ്യാർ ചെയ്തിട്ടുണ്ടെന്ന് മദ്രാസ് അസംബ്ലിയിൽ മന്ത്രി ഡാ. ടി. എസ്. എസ്. രാജൻ പ്രസ്താവിച്ചിരിക്കുന്നു.

‘ഇംഗ്ലീഷ് മരുന്നുകൾ’
TRADING COMPANY,
PONKUNNAM.
പൊൻകുന്നത്തു പെട്രോൾപമ്പിന് എതിർവശത്തുള്ള ഞങ്ങളുടെ സ്റ്റേഷനറികടയോടു ബന്ധിച്ച് ഒരു “ഇംഗ്ലീഷ് ഔഷധശാല”കൂടി ഇന്നുദിവസം ഉൽഘാടനം ചെയ്തിരിക്കുന്ന വിവരം അറിയിച്ചുകൊള്ളുന്നു.
എല്ലാവിധ ഇംഗ്ലീഷ് ഔഷധങ്ങളും വില്പനയ്ക്കു തയ്യാറുണ്ട്.
മാനേജിംഗ് പാർട്ട്നർ.
24—7—1124

Bharath Institute of Commerce,
KOTTAYAM, RANNI, KOZHENCHERRY, ETTUMANOOR.
Vacation classes in all commercial subjects, Telegraphy, Wireless Telegraphy, Hindi, Malayalam Typewriting/shorthand. Opens on 1st Meenam. 1124.
Apply Secretary, Kottayam.

നികുതി നിമിത്തം

മൗണ്ട് ബാററൻ കുടുംബത്തിന്റെ വരവ് ഒൻപതിലൊന്നായി കുറഞ്ഞു

ലണ്ടൻ, മാർച്ച് 10

ബ്രിട്ടനിലെ നികുതി വർദ്ധനവു നിമിത്തം മൗണ്ട്ബാററൻ പ്രഭുവിന്റെയും പ്രഭ്വിയുടെയും വരുമാനം ഇരുപത്താറു കൊല്ലം മുമ്പുണ്ടായിരുന്നതിന്റെ ഒൻപതിൽ ഒരു ഭാഗമായി പരിണമിച്ചിരിക്കുന്നു. അതിനാൽ മൗണ്ട്ബാററൻ പ്രഭ്വിക്ക് പിൻതുടർച്ച സംബന്ധിച്ച് നിയന്ത്രണങ്ങളിൽനിന്നും മോചനം നൽകുന്നതിനുവേണ്ടി ഒരു പ്രത്യേകബിൽ പ്രഭുസഭയിൽ അവതരിപ്പിക്കുന്നതാണ്. 1921ൽ മൗണ്ട്ബാററൻപ്രഭ്വിക്ക് അവരുടെ പിതാമഹനിൽനിന്ന് അവകാശമായി കിട്ടിയത് അറുപതുലക്ഷം പവനാണ്. അന്നത്തെ ആദായനികുതിനിരക്ക് പവന് ആറു ഷില്ലിംഗ് എന്നതായിരുന്നു. ഇന്ന് പ്രഭ്വിയുടെ വരുമാനത്തിൽ അയ്യായിരം പവനിൽ കവിഞ്ഞ ഓരോ പവനും പത്തൊൻപതു ഷില്ലിംഗ് വച്ചു നികുതി കൊടുക്കണം.

കമ്മ്യൂണിസത്തിന്റെ ഉന്മൂലനാശത്തിന്

ഒരു കമ്മ്യൂണിസ്റ്റ് വിരുദ്ധകമ്മിററിയെ ഇൻഡ്യാഗവർമ്മെൻറ് ഏർപ്പെടുത്തി

വാഷിംഗ്ടൺ, മാർച്ച് 9

ഇൻഡ്യയിൽ കമ്മ്യൂണിസ്റ്റ് സ്വാധീനശക്തി ഉന്മൂലനം ചെയ്യുന്നതിനുദ്ദേശിച്ച് ഇൻഡ്യ ഒരു സെൻട്രൽ കൺസൾട്ടേറ്റീവ് കമ്മിററി ഏർപ്പെടുത്തിയിരിക്കുന്നു എന്ന റിപ്പോർട്ടിൽ ഇവിടുത്തെ ഔദ്യോഗികകേന്ദ്രങ്ങളും നയതന്ത്രകേന്ദ്രങ്ങളും ഗണ്യമായ താൽപ്പര്യം പ്രകടിപ്പിക്കയുണ്ടായി. കമ്മിററിയുടെ നേതാവ് മി. വി. പി. മേനോൻ ആയിരിക്കുമെന്നും കമ്മ്യൂണിസ്റ്റ് ശല്യത്തെ നേരിടാൻ കമ്മിററിക്ക് വിപുലമായ അധികാരങ്ങൾ നൽകിയിട്ടുണ്ടെന്നും ആ റിപ്പോർട്ടു ചെയ്യപ്പെടുന്നു. കമ്മ്യൂണിസത്തിനെതിരായുള്ള ഇൻഡ്യാഗവർമ്മെൻറിന്റെ നടപടികൾ എല്ലാപ്രദേശങ്ങളിലും കൂടുതൽ ഊർജ്ജിതപ്പെടുത്തുമെന്നും സൂചിപ്പിക്കപ്പെടുന്നു.

അസഹ്യമായ ചൂടും ജലക്ഷാമവും

കോട്ടയം ടൗണിൽ ഒരു വീപ്പ വെള്ളത്തിനു് ഒരു രൂപാ വരെ

(സ്വ. ലേ)

കോട്ടയം, കുംഭം 27

ചൂടു ദുസ്സഹമാംവണ്ണം വർദ്ധിച്ചിരിക്കുന്നു. അടുത്തകാലത്തെങ്ങുമുണ്ടായിട്ടില്ലാത്തവിധം ഇപ്പോൾ ചൂട് ഓരോ ദിവസം ചെല്ലുന്തോറും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ടൗണിലെ മിക്ക കിണറുകളിലേയും വെള്ളം വററിക്കഴിഞ്ഞിരിക്കുന്നു. ശുദ്ധജലം സുലഭമായി കിട്ടാൻ മാർഗ്ഗമില്ലാതായിട്ടുണ്ട്. [illegible] പ്രദേശങ്ങളിൽനിന്നും വീപ്പകളിലാണ് ഇപ്പോൾ ടൗണിലേക്കു വെള്ളം കൊണ്ടുവരുന്നതും. ഒരു വീപ്പ വെള്ളത്തിന് 8 ണ. മുതൽ 1 രൂപാ വരെ വിലയാകുന്നുണ്ടെന്നാണ് ഹോട്ടൽവ്യാപാരികൾ പറയുന്നത്. മുനിസിപ്പാലിററിയുടെ ശുദ്ധജലവിതരണപദ്ധതി, ഇപ്പോഴും കാരാപ്പുഴ കുളത്തിലെ ജലത്തിന്റെ പരിമിതിയെ ആശ്രയിച്ചാണത്രെ ഇരിക്കുന്നത്.

തെരഞ്ഞെടുപ്പിന് തയാറാകുന്നു

ഈ ജനുവരി 1-ാംനു 21 വയസ് തികഞ്ഞവർക്ക് വോട്ടവകാശം

സംസ്ഥാനങ്ങൾക്കും പ്രവിശ്യകൾക്കും നിർദ്ദേശം നൽകിക്കഴിഞ്ഞു

നൂഡെൽഹി, മാർച്ച് 9

പുതിയ ഭരണഘടനപ്രകാരമുള്ള തെരഞ്ഞെടുപ്പിനു പ്രാരംഭമായി വോട്ടറന്മാരുടെ പട്ടിക തയ്യാറാക്കുവാൻ ഇന്ത്യാഗവണ്മെന്റ് പ്രവിശ്യകൾക്കും നാട്ടുരാജ്യങ്ങൾക്കും നിർദ്ദേശം നൽകിക്കഴിഞ്ഞിരിക്കുന്നുവെന്ന് ഇന്നു ഡൊമിനിയൻ പാർലമെന്റിൽ മന്ത്രി മി. സത്യനാരായണസിൻഹാ പ്രസ്താവിച്ചിരിക്കുന്നു. 1949 ജനുവരി 1-ാംതീയതി 21 വയസ്സ് തികഞ്ഞവർക്ക് വോട്ടവകാശം ഉണ്ടായിരിക്കും. 1948 മാർച്ച് 31-നകം ഏതെങ്കിലും പ്രത്യേകം പ്രദേശത്തു 180 ദിവസം താമസിച്ചിട്ടുണ്ടെങ്കിൽ മാത്രമെ ആ സ്ഥലം ഉൾപ്പെട്ട നിയോജകമണ്ഡലത്തിൽ വോട്ടുചെയ്യുവാൻ അനുവദിക്കുകയുള്ളു. നിയോജകമണ്ഡലങ്ങളുടെ പരിധി നിർണ്ണയിച്ചുകഴിഞ്ഞിട്ടില്ല എങ്കിലും, ഇതേസംബന്ധിച്ചുള്ള പ്രാരംഭനിർദ്ദേശങ്ങൾ നൽകുവാൻ പ്രവിശ്യകളോടും നാട്ടുരാജ്യങ്ങളോടും ആവശ്യപ്പെട്ടിട്ടുണ്ട്.

ഇൻഡ്യയിലെ ഫ്റഞ്ചു് പ്രദേശങ്ങൾ

ഫ്റാൻസ് നഷ്ടപരിഹാരം വാങ്ങിക്കൊണ്ടു ഇൻഡ്യയ്ക്കു വിട്ടുകൊടുക്കും

ലണ്ടൻ, മാർച്ച് 9

ഇൻഡ്യാഗവണ്മെന്റിനോട് നഷ്ടപരിഹാരം വാങ്ങിക്കൊണ്ട് ഫ്രാൻസ് ഇൻഡ്യയിലെ ഫ്രഞ്ചുപ്രദേശങ്ങൾ വിട്ടുകൊടുക്കാൻ ഒരുക്കമാണെന്ന് ഒരു പാരീസ് റിപ്പോർട്ടിൽ കാണുന്നു. ഇതു സംബന്ധിച്ചുള്ള ആലോചനകൾ ആരംഭിച്ചുകഴിഞ്ഞതായും വിശ്വസിക്കപ്പെടുന്നു. ഇൻഡ്യയും ഫ്രഞ്ച് ഇൻഡ്യയും തമ്മിൽ വാണിജ്യകാര്യത്തിൽ ഒരു ഉടമ്പടിയുണ്ടാക്കുന്നതിനുവേണ്ടി ഇൻഡ്യയും ഫ്രാൻസും തമ്മിൽ കൂടിയാലോചനകൾ ആരംഭിക്കുന്നതാണ്.

അതേപ്പററി ആലോചിക്കാൻ കാലമായിട്ടില്ല

ഇസ്രായേൽ സ്റ്റേററ് അംഗീകരിക്കുന്നതിനെ പററി പ്രധാനമന്ത്രി

നൂഡൽഹി, മാർച്ച് 9

ഇസ്രായേൽസ്റ്റേററ് അംഗീകരിക്കുന്നതിനെപ്പററി ആലോചിക്കുവാൻ കാലമായിട്ടില്ലെന്ന് ഇന്ന് ഡൊമിനിയൻ പാർലമെന്റിൽ പ്രധാനമന്ത്രി പണ്ഡിതനെഹ്രു പ്രസ്താവിച്ചിരിക്കുന്നു. ആസ്ട്രേലിയ, ദക്ഷിണാഫ്രിക്കാ തുടങ്ങിയ ഡൊമിനിയനുകൾ ഇക്കാര്യത്തെപ്പററി ഇന്ത്യയുമായി ആലോചിച്ചിട്ടില്ലെന്നും ഇങ്ങിനെയുള്ള കാര്യങ്ങളിൽ മററു ഡൊമിനിയനുകളുമായി ആലോചിക്കുക സാധാരണമല്ലെന്നും അദ്ദേഹം പറഞ്ഞു.

മദ്ധ്യസ്ഥതീർപ്പ്

ഫാറസ്റ്റ്ഇൻഡസ്ട്രീസ്തൊഴിൽത്തർക്കത്തിന്മേൽ

(പ്ര—ലേ)

കോട്ടയം, കുംഭം 27

തിരുവിതാംകൂർ ഫാറസ്റ്റ് ഇൻഡസ്ട്രീസ് മാനേജ്മെന്റും തൊഴിലാളികളും തമ്മിലുള്ള തർക്കങ്ങൾ തീർക്കുന്നതിനായി മദ്ധ്യസ്ഥനായി നിയമിച്ചിരുന്ന ഡിസ്ട്രിക്ട് മജിസ്ട്രേട്ട് മി. കാസിം ആവശ്യമായ കൂടിയാലോചനകൾക്കും ചർച്ചകൾക്കും ശേഷം തന്റെ വിധി പ്രസ്താവിച്ചിരിക്കുന്നു. ഈ ഫെബ്രുവരി 11-ാംനു-യാണ് മി. കാസിമിനെ ഗവണ്മെന്റിൽനിന്നും മദ്ധ്യസ്ഥനായി നിയമിച്ചത്. മാർച്ച 3-ാം 4-ാം തീയതികളിൽ അദ്ദേഹം പെരുമ്പാവൂർ റെസ്റ്റ് ഹൌസിൽവച്ച് ഇരുകക്ഷികളുടെയും വാദം കേട്ടു. ഫാക്ടറിയും ആഫീസും ഓപ്പറേഷൻ ഏരിയായും അദ്ദേഹം സന്ദർശിച്ചു. 50 ശതമാനം ജോലിക്കാരെ പിരിച്ചുവിടണമെന്ന് മാനേജുമെന്റു വാദിച്ചു. കമ്പനിയുടെ ധനസ്ഥിതി മോശമാണെന്നും, വിറകിനുള്ള ആവശ്യം കുറഞ്ഞുപോയിട്ടുണ്ടെന്നും, കൺട്രാക്ട് റേററിൽ ആദായകരമായി ജോലി നടത്തേണ്ടതുണ്ടെന്നും മാനേജുമെന്റിൽനിന്നു വാദിച്ചു. ജോലിക്കാരെ കുറയ്ക്കാതെതന്നെ കമ്പനിക്കു ലാഭമുണ്ടാകുന്നതാണെന്നും കമ്പനി നേരിട്ടു ജോലി ചെയ്യിക്കുന്നതാണ് കൺട്രാക്ടിനെക്കാൾ ലാഭകരമെന്നും തൊഴിലാളികൾ വാദിച്ചുവെങ്കിലും, ജോലിക്കാരെ കുറെ കുറവു ചെയ്യേണ്ടതായിത്തന്നെ വരുമെന്ന് അവർ സമ്മതിച്ചു. കൺസർവേറ്റർ, കമ്പനി ഡയറക്ടർമാർ എന്നിവരുടെ നിർദ്ദേശങ്ങളും മുൻ കോൺഫറൻസ് നടപടികളും മജിസ്ട്രേട്ടു പരിശോധിച്ചു. ശമ്പളച്ചെലവിൽ 40 ശതമാനം കുറവു വരത്തക്കവിധം ജോലിക്കാരെ കുറയ്ക്കണമെന്ന് മദ്ധ്യസ്ഥൻ തീരുമാനിച്ചു. എന്നാൽ കൂടുതൽ സർവീസുള്ള ജോലിക്കാരെ പിരിച്ചുവിടാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതിലേക്കു രണ്ടുകക്ഷികളും യോജിച്ച് ഒരു ലിസ്റ്റ് തയ്യാർചെയ്യേണ്ടതായിരിക്കും. വിധിയനുസരിച്ചു പിരിച്ചുവിടുന്ന ജോലിക്കാർക്കു ചെല്ലേണ്ട തൊഴിലാളിനിയമമനുസരിച്ചുള്ള നോട്ടീസു നൽകിയിരിക്കണമെന്നും അവർക്കു ചെല്ലേണ്ട ശമ്പളം; പ്രോവിഡന്റ് ഫണ്ട്, ബോണസ്സ് മുതലായവ ഉടനെ നൽകണമെന്നും വിധിയിൽ ആവശ്യപ്പെട്ടിരിക്കുന്നു.

വിപ്ലവകാരികൾ മേമിയോ തിരിച്ചുപിടിച്ചു

രംഗൂൺ, മാർച്ച് 10

മേമിയോ കാരൻ വിപ്ലവകാരികൾ തിരിച്ചുപിടിച്ചതായി ഒരു ബർമ്മാഗവർമ്മെൻറ് കമ്മ്യൂണിക്കെ പറയുന്നു. വിപ്ലവകാരികൾ ഇപ്പോൾ മാൻഡലേയുടെ നേർക്കു പുരോഗമിച്ചുകൊണ്ടിരിക്കുന്നതായും നഗരത്തിൽനിന്ന് ഇരുപത്തിരണ്ടു മൈലിനുള്ളിൽ സമരം നടക്കുന്നതായും കമ്മ്യൂണിക്കെ തുടർന്നു പ്രസ്താവിക്കുന്നു.

(റോയ്ട്ടർ)

ഡാ: രാജേന്ദ്രപ്രസാദ്

(സ്വ. ലേ) തിരു: കുംഭം 27

ഡാക്ടർ രാജേന്ദ്രപ്രസാദ് ഏപ്രിൽ 11-ാംതീയതി ഇവിടെ എത്തുമെന്ന് പ്രസ്താവിച്ചിരുന്നല്ലോ. അദ്ദേഹം രണ്ടു ദിവസം ഇവിടെ താമസിക്കുന്നതും അനന്തരം കൊച്ചിയിലേക്കു പോകുന്നതുമാണ്.

എംബസ്സികൾ പരിശോധിക്കുന്നു

നൂഡെൽഹി, മാർച്ച് 9

വിദേശരാജ്യങ്ങളിൽ സ്ഥിതിചെയ്യുന്ന ഇന്ത്യൻപ്രതിപുരുഷാലയങ്ങൾ പരിശോധിക്കുവാൻ ഇന്ത്യാഗവണ്മെന്റ് ഏർപ്പാടു ചെയ്യുന്നതാണെന്ന് അറിയുന്നു. ഇതേ അവസരത്തിൽ, അന്യദിക്കുകളിലേക്ക് അയയ്ക്കുന്ന ദൗത്യസംഘങ്ങളെ സംബന്ധിച്ച ചെലവുകൾ വർദ്ധിക്കാതിരിക്കുന്നതിനും ശ്രദ്ധിക്കുന്നതാണ്.

കോട്ടയം

(സ്വലേ) കുംഭം 28

ഡെപ്യൂട്ടിപ്രസിഡണ്ട് മി: ചന്ദ്രശേഖരപിള്ള, അഡ്വക്കേറ്റ് ജനറൽ മി: ഗംഗാധരമേനോൻ എന്നിവരും സ്റ്റേറ്റുകോൺഗ്രസ്സ് പാർട്ടിയിലെ ചില വ്യക്തികളും ഇന്നു ഉച്ചവഴി [illegible] എറണാകുളത്തേക്കു പോയിരിക്കുന്നു.

റേഷൻ ധാന്യങ്ങൾ വിററഴിയാനുള്ള കാലതാമസം, ഒന്നിലധികം [illegible] റേഷൻസാധനങ്ങൾ എടുക്കണമെന്നുള്ള വ്യവസ്ഥ മുതലായ കാരണങ്ങൾകൊണ്ടു ടൗണിൽ വ്യാപാരികളിൽ ചിലർ റേഷൻവ്യാപാരത്തിൽനിന്നും പിന്മാറുവാൻ ഇടയുണ്ടെന്നറിയുന്നു. ചില സഹകരണസ്റ്റോറുകൾ തങ്ങളുടെ സേവനം പ്രയോജനരഹിതമായി തീരത്തക്കവിധം നഷ്ടത്തിൽ കലാശിക്കുന്നതിനാൽ അവരും റേഷൻവ്യാപാരത്തിൽനിന്നും പിന്മാറുമെന്നാണ് അറിയുന്നത്.

മലയാളം ഹയർ പരീക്ഷ മീനം 15-ാംതീയതി മുതൽ സർക്കാർ ട്രെയിനിംഗ് സ്കൂളിൽ വച്ചാരംഭിക്കുന്നതാണ്. മലയാളം ഹയർപരീക്ഷ മിക്കവാറും നിന്നിരിക്കയാണ്. ചില സ്ഥലങ്ങളിൽ മാത്രമേ ഇപ്പോഴും ഒൻപതാംക്ലാസ്സുകൾ നിലവിലുള്ളു എന്നാണറിയുന്നത്.

അവധിയിൽ ഇരിക്കുന്ന വടക്കൻഡിവിഷൻ സഹകരണസംഘം രജിസ്ട്രാർ മി: ജി. പി. നായർ വീണ്ടും രണ്ടുമാസത്തെ അവധിക്കുകൂടി അപേക്ഷിച്ചിട്ടുള്ളതായറിയുന്നു.

ട്രെയിൻ സർവീസ

വിദ്ധ്വംസകപ്രവർത്തനങ്ങളൊന്നുമില്ല.

മദ്രാസ്, മാർച്ച് 10

സൗത്തിൻഡ്യൻ റെയിൽവേയിൽ ട്രെയിനുകൾ മുടങ്ങാതെ ഓടിക്കൊണ്ടിരിക്കുന്നു എന്നും വിദ്ധ്വംസക പ്രവർത്തനങ്ങളുടെ ലക്ഷണങ്ങൾ ഒന്നും ഉണ്ടായിട്ടില്ലെന്നും എം. എസ്. എം. ആൻഡ് എസ്. ഐ. ആർ. പബ്ലിക്ക് റിലേഷൻസ് ആഫീസർ പ്രസ്താവിക്കുന്നു.

(എ പി)

തടവിലിരിക്കുന്ന നാട്ടുവാസികൾ

കറാച്ചി, മാർച്ച് 9

ഇപ്പോൾ ഇന്ത്യാ ഗവണ്മെന്റ് തടങ്കലിൽ വച്ചിരിക്കുന്ന [illegible], [illegible] നാട്ടുവാസികളെ മോചിപ്പിക്കുന്നതിനായി യു. എൻ. മുഖേന പാകിസ്ഥാൻ ഗവണ്മെന്റ് ശ്രമിച്ചുകൊണ്ടിരിക്കയാണെന്ന് സർ സഫറുള്ളാഖാൻ പാകിസ്ഥാൻ പാർലമെന്റിൽ പ്രസ്താവിച്ചിരിക്കുന്നു.

മദനസാമ്രാജ്യം
“ദമ്പതികളുടെ ജീവിതപ്പൂങ്കാവനം.” പടങ്ങളോടുകൂടി ഓപ്പൺ ബയൻറ് വില രൂ 2
To: വിദ്യാരംഭം പ്രസ്സ്, ആലപ്പുഴ.

നിലവാരം

(സ്വന്തം ലേഖകൻ)

ആലപ്പുഴ, കുംഭം 27

എണ്ണ കൊച്ചി	551	4	0
പിണ്ണാക്ക ടി	87	8	0
എണ്ണ ആലപ്പുഴ	545	0	0
പിണ്ണാക്ക ടി	82	8	0
കൊ: പുകരാശി	370	0	0
ടി തെളിവ്	372	8	0
കുരുമുളക് [illegible]	1400-1415		
ചുക്ക്	625	0	0
മഞ്ഞൾ	305	0	0
തങ്കം	117	0	0
പവൻ	77	0	0
സ്വർണ്ണം	74	0	0
വെള്ളി	186	0	0
ചില്ലറ	1	14	6

Printed and Published by C. M. Sankara Pillai at the Swaraj Printing Works, Kottayam.